കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊട്ടാരക്കര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.എം.എൽ/1811/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –31/10/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊട്ടാരക്കര നഗരസഭ

സർ,

വിഷയം : കൊട്ടാരക്കര നഗരസഭ -2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പൽ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര നഗരസഭയുടെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം

കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ നഗരസഭ ആക്ട് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കു ന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുൻസിപ്പാലിറ്റി ആക്ട് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.എം.എൽ/1811/2017തീയതി: 31.10.2017

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പൽ നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 06-01-17 മുതൽ 10-09-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-9-2017മുതൽ 23-9-2017വരെ | |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി .ജി. സിന്ധു | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മഞ്ജുള സാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പത്മകുമാരി. എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ | ഓഡിറ്റർ |

(ബി)<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ഗീതാ സുധാകരൻ | 1-4-2016 മുതൽ<br>31-03-2017വരെ |
| സെക്രട്ടറി | പി. ഗോപാലകൃഷ്ണപിള്ള | 1-4-2016മുതൽ<br>22-11-2016വരെ |
| | പി.വി.സനൽകുമാർ | 23-11-2016മുതൽ<br>31-03-2017വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അബ്ദുൾ ഫത്താഫ് | 1-4-2016 മുതൽ<br>31-03-2017വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബ്രീജില | 1-4-2016 മുതൽ<br>31-03-2017വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ അലോപ്പതി)സി.എച്ച്.സി. നെടുമൺകാവ് | ഡോ.ജ്യോതിലാൽ | 1-4-2016 മുതൽ 31-03-2017വരെ |
| അസി.എഞ്ചിനീയർ | ശ്രീ.വിജയൻപിള്ള | 1-4-2016 മുതൽ 31-03-2017വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ / പട്ടികജാതി വികസന ഓഫീസർ | ശ്രീ.പി.പൌലോസ് | 8-8-2016 മുതൽ 31-03-2017വരെ |
| കൃഷിഓഫീസർ | ശ്രീ. ലിജ്ജ ജോൺ | 1-4-2016 മുതൽ 31-03-2017വരെ |
| വെറ്റിനറി സർജൻ | ഡോ. സജി | 1-4-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി), താലൂക്ക് ഹോസ്പിറ്റൽ | ഡോ.ബിജ്ജു.ബി. എൻ | 1-4-2016 മുതൽ 31-03-2017വരെ |
| വ്യവസായ വികസനഓഫീസർ | ശ്രീ.ബിജ്ജു.റ്റി. എസ് | 1-4-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ/പ്രോജക്ട് ഓഫീസർ | ബിന്ദു.ജെ | 1.4.16മുതൽ 26.10.16 വരെ |
| | അനിതാകുമാരി.എം.സി | 27.10.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഗിരിജാ ഭായി | 1-4-2016 മുതൽ 31-03-2017വരെ |
| ഹെഡ്മാസ്റ്റർ | കെ. വൽസമ്മ | 1-4-2016 മുതൽ 31-03-2017വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷികധനകാര്യപത്രിക | 1.2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനതുവരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |

| | | |
|---|---|---|
| | ഭാഗം 2 | |
| 12 | നഗരസഭയുടെ ധനമിടപാടുകൾ യഥാവിധി അക്കൌണ്ടു ചെയ്യുന്നതിൽ വീഴ്ച- | 2-1 |
| 13 | വസ്തുനികുതി പരിശോധന-അപാകതകൾ | 2-2 |
| 14 | തൊഴിൽ നികതി- അപാകതകൾ | 2-3 |
| 15 | ലേലം-അപാകതകൾ | 2-4 |
| | ഭാഗം 3 | |
| 16 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച- 1,28,37,224/- ചെലവഴിക്കപ്പെട്ടിട്ടില്ല | 3-1 |
| 17 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച-വെറ്റിനറി സർജൻ 8%, വി.ഇ.ഒ,പ്രോജക്റ്റ് ഓഫീസർ 7.4% മാത്രം ചെലവ് | 3-2 |
| 18 | ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-3 |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |
| 20 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല | 3-5 |
| 21 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ | 3-6 |
| 22 | പദ്ധതി നടപ്പാക്കിയില്ല-ആസൂത്രണത്തിന്റെ വീഴ്ച | 3-7 |
| 23 | ആധികാരികമായ രേഖകൾ ഹാജരാക്കാത്തതിനാൽ തുക | 3-8 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 24 | രേഖകൾ ഹാജരാക്കാത്തതിനാൽ 64,124/-രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 25 | മരുന്നുകൾ ലഭ്യമാകാത്തതിനാൽ തടസ്സപ്പെടുത്തുന്ന തുക 3,07,748/-രൂപ | 3-10 |
| 26 | 2016-17 വർഷംമെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ – ലഭിച്ച മരുന്ന് അളവിൽ കുറവ് | 3-11 |
| 27 | കരാർ തുകയെ അധികരിച്ച് ചെലവ് ചെയ്തു-14,356/-രൂപ നിരാകരിക്കുന്നു. | 3-12 |
| 28 | ആഴയഴികത്ത് റോഡ് റീടാറിംഗ്-ടെണ്ടർ ഡിഡക്ഷൻ കുറവുവരുത്താതെ കരാറുകാരന് തുക നൽകി | 3-13 |
| 29 | ഫയർ സ്റ്റേഷൻ റോഡ്-കൾവർട്ട് നിർമ്മാണം,റോഡ് കോൺക്രീറ്റിംഗ്-അധിക നിരക്ക് നൽകി | 3-14 |
| 30 | ടെണ്ടർ കുറവ് വരുത്തിയതിലെ പിശക്- അധികം തുക ചെലവുചെയ്തു | 3-15 |
| 31 | ഉഗ്രൻകുന്ന് കുഴൽകിണർ നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 3-16 |
| 32 | മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച-ഫൈൻ ഇനത്തിൽ നഷ്ടം-62,393/- | 3-17 |

| | | |
|---|---|---|
| 33 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പദ്ധതികൾ- രേഖകൾ പൂർണ്ണമല്ല-838600/-രൂപ തടസ്സപ്പെടുത്തുന്നു | 3-18 |
| 34 | ബ്രിഡ്ജ് അക്കൗണ്ടിൽ തുക ശേഷിക്കുന്നു | 3-19 |
| 35 | സെക്രട്ടറിയ്ക്ക് വീട്ടുവാടക അനുവദിക്കുന്നത് സംബന്ധിച്ച് | 3-20 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വ ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1-3-2016 തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന്

കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2017 | 31-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 16-9-2017 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

1)കൊല്ലം ജില്ലാ സഹകരണബാങ്കിലെ തനതുഫണ്ടിനു വേണ്ടിയുള്ള അക്കൗണ്ടിന്റെ നീക്കു ബാക്കി (12696811/-) പൊരുത്തപ്പെടുത്തിയതിന്റെ സ്റ്റേറ്റ് മെന്റ് ഹാജരാക്കിയിട്ടില്ല.

2)Excess of income over expenditure എന്ന ഹെഡിൽ negative balance വന്നിരിക്കുന്നു.

3) Grants contributions for specific purposes -central governmentഎന്ന ഹെഡിൽ ചേർത്തിരിക്കുന്ന 88,76,393/- എന്ന തുകയുടെ വിവരങ്ങൾ ബോദ്ധ്യപ്പെട്ടിട്ടില്ല.

4)ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത തുകകൾ 2,73,285/- രൂപ ബാക്കി നിൽക്കുന്നു. ആയത് എത് പ്രോജക്ടിനു വേണ്ടിയുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

5)Other creditors എന്ന പേരിൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 27,424/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6)Audit recovery-3,43,799/-, recovery from employees-2,60,221/-എന്നീ തുകകളുടെ വരവ് വിവരങ്ങൾ ലഭ്യമല്ല.

7)നികുതി, നികുതിയേതര വരവുകളുടെ ഡിമാന്റ് , കളക്ഷൻ ബാലൻസ്, അഡ്വാൻസ് കളക്ഷൻ എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് എഴുതി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) 2016-17 വർഷ AFS – ഇൻകം & എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികളുടെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

9) Prior period programme expense എന്ന ഹെഡിൽ ചേർത്തിരിക്കുന്ന 30,50,066/- എന്നതിലും prior period -operations and maintenance exp- 538740/- രൂപയുടെ വിവരങ്ങൾ ലഭ്യമല്ല.

10)സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

11) Festival advance to employees എന്ന പേരിൽ receipt and payment, balance sheet എന്നിവയിൽ ചേർത്തിരിക്കുന്ന തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

12)Auction deposit, contractors earnest money deposit, contractors retension deposit എന്നീവയുടെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

13)Mini hydel power generation എന്ന പേരിൽ ചെലവായിരിക്കുന്ന 1745,037/- രൂപയുടെ ചെലവുവിവരങ്ങൾ ലഭ്യമല്ല.

14)Dev.gen. Programmes -housing എന്ന പേരിൽ ചേർത്തിരിക്കുന്ന 35,30,000/-രൂപയുടെ വിവരങ്ങൾ ലഭ്യമല്ല.

15)KLGSDP MFA V എന്ന ഹെഡിൽ മുൻബാക്കിയായി വരവു വന്നിരിക്കുന്ന 29,62,801/-രൂപയുടെ വരവു ചെലവു വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. മുൻ വർഷ എ.എഫ്.എസിസ് മുന്നിരിപ്പ് ഇല്ല.

16.Other creditors എന്ന ഹെഡിൽ ചേർത്തിരിക്കുന്ന 45,64,063/- രൂപയുടെ വരവുവിവരങ്ങൾ ലഭ്യമല്ല.

17) EUCO bank കണക്കുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

18)Kottarkara urban cooperrative bank, kottarakara co-operative bank എന്നിവയിലെ കറണ്ട്, സേവിംഗ്സ് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ എന്നിവ ലഭ്യമാക്കിയിട്ടില്ല.

19)തൊഴിൽ രഹിതവേതനം വരവ് ചെലവ് രേഖകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 81,52,694/- |
| വരവ് | 8,97,03,200/- |

| | |
|---|---|
| ആകെ | 9,78,55,894/- |
| ചെലവ് | 7,78,56,431/- |
| നീക്കിയിരിപ്പ് | 1,99,99,463/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 981703 | 981703 | 981703 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5770219 | 5770219 | 5770219 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 90765 | 90765 | 90765 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6552948 | 6552948 | 6552948 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1972913 | 1972913 | 1972913 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4599699 | 4599699 | 4599699 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 2199761 | 2199761 | 2199761 | 0 | 100 |
| എം.എൻ.ആർ .ഇ.ജി.എസ്. | 0 | | | | 0 | 100 |
| ബി ഫണ്ട് | 0 | 494080 | 494080 | 494080 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 9,09,00,417 | 114 | | 8 | 108 | 49.57 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.8% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 163233354 | 21860098 | | |
| നികുതിയേതര വരവുകൾ | 4688173 | 6138824 | | |
| മറ്റുവരവുകൾ | 8889755 | 7113874 | | |
| ആകെ | 29901282 | 35112796 | 5211514 | 14.8% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം മുൻസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 494080 | 221 |
| കർഷകതൊഴിലാളി പെൻഷൻ | 2429600 | 166 |
| വിധവാപെൻഷൻ | 21475600 | 1295 |
| വാർദ്ധക്യകാലപെൻഷൻ | 26936900 | 1444 |
| വികലാംഗപെൻഷൻ | 5132200 | 303 |
| അൻപതു വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 491200 | 36 |

## 1-9 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-9-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4783081/-രൂപ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നുവെങ്കിലും ആ ദിവസത്തെ കളക്ഷൻ ആയ 198433/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ്ബുക്ക് തയ്യാറാക്കുന്നതിൽ ഗുരുതരമായ തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ ഖണ്ഡിക 2-1-ൽ ചേർത്തിട്ടുണ്ട്.

## 1-10 <u>ആഭ്യന്തരനിയന്ത്രണം</u>

നഗരസഭയ്ക്ക് വിവിധ ഇനങ്ങളിലായി ലഭിച്ച വരവുകളും വിവിധ ഫണ്ടിൽ നിന്നുള്ള ചെലവുകളും യഥാവിധി അക്കൌണ്ട് ചെയ്തിട്ടുണ്ട് എന്നുറപ്പാക്കാതെയും നിലവിലുള്ള അക്കൌണ്ടിംഗ് സമ്പ്രദായമനുസരിച്ച് ഇടപാടുകൾ ശരിയാക്കി രേഖപ്പെടുത്താതെയുമാണ് വാർഷിക ധനകാര്യപത്രിക തയ്യാറാക്കി പരിശോധനയ്ക്കായി അയച്ചു തന്നിട്ടുള്ളത്. ബാങ്ക്ബുക്ക്, ക്യാഷ്ബുക്ക് എന്നിവയുടെ പരിപാലനം ശരിയല്ല (ഖണ്ഡിക 2-1 കാണുക). ബാങ്ക്ബുക്കുകൾ വിവിധ ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. മാത്രമല്ല 1.11.2015 മുതൽ ഗ്രാമപഞ്ചായത്ത് നഗരസഭ ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ധനമിടപാടുകൾ നഗരസഭയിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോഴുണ്ടായ അപാകതകൾ

പൂർണ്ണമായും പരിഹരിക്കാതെയാണ് വാർഷികധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ വാർഷിക ധനകാര്യപത്രികപ്രകാരമുള്ള പല കണക്കുകളും യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ദൈനംദിന ഇടപാടുകൾ അക്കൌണ്ട് ചെയ്യുന്നതിൽ നിലവിലും വീഴ്ചകാണുന്നു. എന്നാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊണ്ടിട്ടില്ല.

രജിസ്റ്ററും രേഖകളും സൂക്ഷിക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്. വൗച്ചറുകൾ ക്രമമായി നമ്പർ ചെയ്ത് സൂക്ഷിച്ചിട്ടില്ല. സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം ചെലവുകൾ അക്കൗണ്ട് ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ വൗച്ചറുകൾ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ചെലവുകൾ എല്ലാം സാംഖ്യയിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ വൗച്ചറുകൾ ഓഡിറ്റിനായി പൂർണ്ണമായും ലഭ്യമാക്കി എന്നത് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നികുതി, നികുതിയേതര വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഒന്നും തന്നെ ആധികാരികമല്ല. രജിസ്റ്ററുകളിൽ ചില രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ മേൽ രേഖപ്പടുത്തലുകൾ ശരിയായി രീതിയിലുള്ളവയല്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.(ഉദാഹരണമായി ലേലം വരവ് വന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തി യിട്ടുള്ള രസീത് നം, തുക ഇവയൊന്നും യഥാർത്ഥമല്ല.)

രസീതികൾ പ്രകാരം വരവ് വരുന്ന തുകകൾ യഥാസമയം ഒടുക്കുവരുത്തുന്നുണ്ടോ എന്നും ആയത് ബന്ധപ്പെട്ട അക്കൌണ്ടിൽ ക്രഡിറ്റ് വരുന്നുണ്ടോ എന്നും അക്കൗണ്ടന്റ്, റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ബസ്റ്റാന്റ് ഫീസ് പിരിവ് പോലുള്ള ഇനങ്ങൾ നഗരസഭയുടെ പ്രത്യേക രസീത്ബുക്കുകൾ ഉപയോഗിച്ച് പിരിക്കുന്നുണ്ട് എങ്കിലും ഈ ആവശ്യത്തിനായി അച്ചടിച്ചതും വിതരണം ചെയ്തതും ഉപയോഗിച്ചതുമായ രസീതുകളുടെ യാതൊരു രേഖകളും 2016-17 സാമ്പത്തികവർഷത്തിൽ സൂക്ഷിച്ചിട്ടില്ല. വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. നഗരസഭാപരിധിയിലുള്ള വ്യാപാര/കച്ചവട/ബിസിനസ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തിരജിസ്റ്റർ കാലികമല്ല. ആസ്തികൾ അന്യാധീനപ്പെടാതിരിക്കാനും ആസ്തികളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടില്ല. നികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.ലൈസൻസ് എടുക്കുന്നതിലും നികുതി ഒടുക്കുന്നതിലും വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തി കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റിപ്പയർ ചെയ്യുന്ന

തെരുവുവിളക്കുകളുടെയും പുതുതായി സ്ഥാപിക്കുന്നതിന്റേയും കണക്കുകൾ ബോദ്ധ്യപ്പെടാനാകുന്നില്ല. കുടിവെള്ള ടാപ്പുകളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016-17 വർഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല. | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015-16 | 2015-16 | 10-7-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഗരസഭയുടെ ധനമിടപാടുകൾ യഥാവിധി അക്കൌണ്ടു ചെയ്യുന്നതിൽ വീഴ്ച

കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി 1-11-2015ൽ പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി സംഖ്യ സോഫ്റ്റ്വെയറിലൂടെയുള്ള ഇടപാടുകളും 1-4-2016 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്നും നഗരസഭയിലേക്ക് ട്രാൻസ്ഫർ ചെയ്തു. എന്നാൽ മേൽ ഇടപാടുകളുടെ ട്രാൻസ്ഫർ യഥാവിധി നിർവ്വഹിച്ചിട്ടില്ല. കൂടാതെ നഗരസഭയിലെ ധനഇടപാടുകളുമായി ബന്ധപ്പെട്ട് അക്കൗണ്ട്സിൽ നടത്തേണ്ട രേഖപ്പെടുത്തലുകൾ യഥാസമയം വരുത്താതിരിക്കുകയും ചെയ്തതിനാൽ ധനമിടപാടുകളുടെ വ്യക്തമായ രൂപം ലഭ്യമാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

### ക്യാഷ് ബാലൻസ് പരിശോധന- ക്യാഷ് ചെസ്റ്റിൽ 4584648 രൂപയുടെ കുറവ്

11.09.2017 ലെ ക്യാഷ് ബാലൻസ് പരിശോധന നടത്തിയതിൽ ക്യാഷ് ബുക്ക് പ്രകാരം അന്നേ ദിവസത്തെ നീക്കിയിരിപ്പ് 4783081/-രൂപയാണ്. എന്നാൽ ഭൗതിക പരിശോധനയിൽ 198433/-രൂപ മാത്രമേ നീക്കിയിരിപ്പായി കണ്ടെത്തിയിട്ടുള്ളൂ. ക്യാഷ് നീക്കിയിരിപ്പിൽ 4584648 (നാൽപ്പത്തിയഞ്ചു ലക്ഷത്തി എൺപത്തി നാലായിരത്തി അറുനൂറ്റി നാൽപ്പത്തിയെട്ട് രൂപ) രൂപയുടെ വ്യത്യാസം കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ്

എൻക്വയറി 2/11.09.17) സാങ്കേതികമായ പ്രശ്നം മൂലമാണ് ക്യാഷ് നീക്കിയിരിപ്പിൽ പൊരുത്തക്കേട് ഉണ്ടായിട്ടുള്ളതെന്നും ആയത് പരിഹരിച്ച് അറിയിക്കുന്നതാണ് എന്നുമുള്ള മറുപടി നൽകിയെങ്കിലും ക്യാഷ്ബുക്ക് സമ്മറിയും ക്യാഷ് ബാലൻസും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിച്ച് വിവരങ്ങൾ ഓഡിറ്റ് അവസാനിക്കുംവരെ ലഭ്യമാക്കിയിട്ടില്ല.

<u>സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം ധനമിടപാടുകൾ യഥാവിധി അക്കൌണ്ട് ചെയ്യുന്നില്ല – നികുതി-നികുതിയേതരവരവും ചെലവുകളും കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല.</u>

സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം നികുതി-നികുതിയേതര വരവുകൾ ,വിവിധ ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ ഇവ യഥാവിധി അക്കൌണ്ട് ചെയ്യുന്നതിൽ സംഭവിച്ച വീഴ്ച മൂലം വിവിധ വരവിനങ്ങളുടെ കൃത്യതയും ചെലവുകളുടെ സാധുതയും പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

<u>(A)വരവ് തുകയുടെ ഒടുക്ക് /ചെലവ് ഇവ അക്കൌണ്ട് ചെയ്യുന്നില്ല.</u>

വരവ് തുകകൾ സ്വീകരിക്കുന്നതും ഒടുക്കുവരുത്തുന്നതും സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായപ്രകാരം യഥാസമയം അക്കൌണ്ട് ചെയ്യാത്തതിനാൽ ക്യാഷ്ബുക്ക്, ബാങ്ക്ബുക്ക് ഇവ പൂർണ്ണമല്ല. കൂടാതെ ദൈനംദിന, മാസാന്ത്യ-വാർഷിക റിക്കൺസിലിയേഷനും നടത്തിയിട്ടില്ല. ഇക്കാരണത്താൽ തന്നെ ബാങ്കിലടയ്ക്കുന്ന തുകകൾ ബാങ്കിൽ വരവ് വന്നിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള യാതൊരു സംവിധാനവും നഗരസഭയിൽ നിലവില്ലാത്ത സാഹചര്യമാണ് ഉള്ളത്.

നഗരസഭയിലെ ധനമിടപാടുകൾ നടത്തുന്ന അക്കൗണ്ടുകൾ പരിശോധിച്ചതിൽ പല അക്കൗണ്ടുകളിലേയും പണം നിക്ഷേപവും പിൻവലിക്കലുകളും ബാങ്ക്ബുക്കിൽ യഥാസമയം രേഖപ്പെടുത്തി റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. ഒടുക്കുന്ന പണം അന്നേദിവസം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്ത സാഹചര്യം ഉണ്ടായിട്ടുപോലും ആയത് ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാൽ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ഒടുക്ക് /പിൻവലിക്കലുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I. 21.03.2017 ലെ ഡേ ബുക്കു പ്രകാരം 335639രൂപ കളക്ഷൻ തുകയായി വരവു വന്നിട്ടുണ്ട്. എന്നാൽ ടി തുക തനതുഫണ്ട് അക്കൗണ്ടിൽ (ജില്ലാസഹകരണബാങ്ക്-030081201000004) വരവു വന്നിരിക്കുന്നത് 18.04.17 ൽ ആണ്. സായാഹ്നശാഖയിൽ ഒടുക്കിയ തുക മറ്റൊരു സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കുകയും തെറ്റ് കണ്ടെത്തി തിരികെ ഈ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയുമാണുണ്ടായത്. ബാങ്കിൽ ഒടുക്കിയ തുക ഒരു മാസത്തോളം നിക്ഷേപമായി വരാഞ്ഞത് ബാങ്ക് ബുക്ക്

ക്ലോസ് ചെയ്ത് റിക്കൺസിലിയേഷൻ നടത്താഞ്ഞ സാഹചര്യത്തിൽ നഗരസഭയുടെ കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. ഇത്തരത്തിൽ ഒടുക്കുന്ന തുകയുടെ ക്രഡിറ്റ്പോലും നിരീക്ഷിക്കാൻ കഴിയാത്തതരത്തിലുള്ള വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്.

2.24.03.2017 ൽ 211680/-രൂപ സ്പെഷ്യൽ ടി.എസ്സ്.ബി. അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. ബാങ്ക് ബുക്കിൽ ഈ തുക റിക്കവറി ഫ്രം എപ്ലോയീസ് ( Audit recovery Directly credited in try TSB A/c)എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇത് ഈ ഇനത്തിലുള്ള വരവല്ല. സർവ്വീസ് ടാക്സിനത്തിലുള്ള വരവ് തെറ്റായി രേഖപ്പെടുത്തി.

3.സ്പെഷ്യൽ ടി.എസ്സ്.ബി അക്കൗണ്ടിൽ വരവു വന്നിരിക്കുന്ന താഴെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവ് വന്നതായിരേഖപ്പെടുത്തിയിട്ടില്ല.കൂടാതെ അക്കൌണ്ട് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

| തീയതി | തുക |
|---|---|
| 18.01.17 | 71455 |
| 18.01.17 | 44780 |
| 23.02.17 | 50000 |
| 27.02.17 | 154971 |
| 27.02.17 | 50025 |

4.AUEGP ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ-ക്രമരഹിതമായി പാസ്ബുക്കിൽ രേഖപ്പെടുത്തുന്നു. അധികം തുക പിൻവലിച്ചത് സംബന്ധിച്ച് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിനടത്തിപ്പിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാനറാബാങ്കിലെ അക്കൗണ്ടിലെ പിൻവലിക്കലുകൾ പരിശോധിച്ചപ്പോൾ (അക്കൗണ്ട് നമ്പർ 2681101016741) ഓരോ ഗുണഭോക്താവിനും അക്കൌണ്ട് മുഖേന നൽകുന്നതിനായി ഇഷ്യൂ ചെയ്യുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളല്ല ബാങ്ക് അക്കൌണ്ടിൽ നിന്നും പിൻവലിച്ചതായി കാണിച്ചിട്ടുള്ളത്. പല ഗുണഭോക്താക്കൾക്കായി നൽകുന്ന ചെക്കുകളുടെ തുകകൾ ഒന്നായി ഒരുചെക്ക് മുഖേന പിൻവലിച്ചതായാണ് ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത്. ഇപ്രകാരം രേഖപ്പെടുത്തലുകൾ നടത്തിനൽകിയിട്ടുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് തുകയുടെ പിൻവലിക്കൽ ക്രമപ്രകാരമാണെന്ന് ഉറപ്പാക്കിയിട്ടില്ല. ഓരോ ചെക്കുകൾ പ്രകാരവും ചെലവ് ചെയ്യുന്ന തുകകൾ പ്രത്യേകം പ്രത്യേകമായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.തനതുഫണ്ട് ബാങ്ക് അക്കൗണ്ടിലെ പിൻവലിക്കലുകൾ സംബന്ധിച്ച് 5-01-2017

മുതൽ 11-09-2017 വരെയുള്ള തനതുഫണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ പരിശോധിച്ചതിൽനിന്നും ചെക്ക് കൗണ്ടർ ഫോയിലിൽ തുക കൃത്യമായി രേഖപ്പെടുത്താതെയാണ് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് . കൂടാതെ ചെക്ക് കൗണ്ടർഫോയിലിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ബാങ്കിൽ നിന്നും പിൻവലിച്ചിരിക്കുന്നവയുമായി പൊരുത്തപ്പെടാത്തവയും ഉണ്ട്. ബാങ്ക്ബുക്ക് പൂർണ്ണമല്ലാത്തതിനാൽ ടി തുകകളുടെ പിൻവലിക്കൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ചെക്ക് നമ്പർ | ചെക്ക് കൗണ്ടർഫോയിലിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക | ബാങ്കിൽ നിന്നും പിൻവലി ച്ചിരിക്കുന്ന തുക |
|---|---|---|
| 29912 | 2371 | 1125347തുക എഴുതിക്യാൻസൽ ചെയ്ത് സൂക്ഷിച്ചിരിക്കുന്നു. |
| 29913 | 150000 | 881187 |
| 29914 | 1125347രൂപ എഴുതിയിട്ട് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു | 244160 |
| 110409 | 69612 | 74294 |
| 109892 | തുക രേഖപ്പെടുത്തിയിട്ടില്ല | ചെക്ക് ക്യാൻസൽ ചെയ്യാതെ തുക എഴുതി വച്ചിരിക്കുന്നു |
| 111107 | 2616 | 1299727 |
| 111106 | 1299727 | 6355 |
| 111108 | 286 | 2616 |

| | | |
|---|---|---|
| 111109 | 1024 | 286 |

ഇത്തരത്തിൽ അക്കൌണ്ടുകളിലെ അപാകതമൂലം നഗരസഭയുടെ ധനമിടപാടുകൾ വ്യക്തമല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

B)ജില്ലാ സഹകരണബാങ്കിൽ 19694555/-രൂപ ക്രഡിറ്റ് വരാനുള്ളതായി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

a)ഓഡിറ്റിന് ഹാജരാക്കിയ ജില്ലാ സഹകരണബാങ്കിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 1-3-15മതൽ 31-3-17വരെ 19694555/-രൂപ ക്രെഡിറ്റ് വരാത്തതായി ശേഷിക്കുന്നു. ഇതിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല. മേൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ക്രെഡിറ്റ് ആകാൻ ശേഷിക്കുന്ന തുകകളുടെ ചെക്ക് നം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പല ചെലവിനങ്ങളുടേയും ചെക്ക് ക്രെഡിറ്റ് വരാത്തതായി കാണിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി വൗച്ചർ നം-1150400006/31.3.16-1144230/ -(ഇലക്ട്രിക്കൽ ഇനങ്ങളുടെ ഫിറ്റിംഗ് ചാർജ്), വൗച്ചർ നം-1504000001 മുതൽ 11504000006 വരെ (ഓണറേറിയം , സിറ്റിംഗ് ഫീസ് ഇനങ്ങളിലുള്ള ചെലവാണ്.)

b)ടി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 3527500/-രൂപ തൊഴിൽ നികുതി വരവ് ( വൗച്ചർ നം. 11504900001 പ്രകാരം വരവ് വന്നത് ) ക്രഡിറ്റ് ചെയ്യാൻ ശേഷിക്കുന്നു. ആയത് ഏത് സ്ഥാപനത്തിൽ നിന്നുള്ള വരവാണെന്ന് വ്യക്തമായിട്ടില്ല. തികച്ചും ആധികാരികമല്ലാത്ത തരത്തിലാണ് ധനമിടപാടുകൾ അക്കൌണ്ടിംഗ് ചെയ്തിരിക്കുന്നത് എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

ധനമിടപാടുകൾ യഥാവിധി അക്കൗണ്ട് ചെയ്യാത്തതിനാൽ നികുതി/ നികുതിയേതര വരവ് ബോദ്ധ്യപ്പെട്ടിട്ടില്ല.

വരവ് തുകകൾ ശരിയായ ഹെഡ്ഡിൽ വരവായി സ്വീകരിക്കാത്തതുമൂലം നികുതി/നികുതിയേതര വരവിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നികുതി -നികുതിയേതര വരവിനങ്ങളുടെ അക്കൗണ്ടിംഗിലും രേഖകൾ സൂക്ഷിക്കുന്നതിലും കണ്ട അപാകതകൾ പ്രത്യേക ഖണ്ഡികകളിൽ ചേർക്കുന്നു.

## 2-2 വസ്തുനികുതി പരിശോധന-അപാകതകൾ

1.വസ്തുനികുതി - സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളിൽ നികുതികൾ അപ്ഡേറ്റ് ചെയ്ത് ലിങ്ക് ചെയ്യാത്തത് സംബന്ധിച്ച്

1-11-15 മുതലാണ് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി ആയി മാറിയത്. ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിൽ തന്നെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25-3-11ലെ ഉത്തരവ് ജി.ഒ.(എം.എസ് )81/11എൽ.എസ്.ജി.ഡി പ്രകാരം

1-4-11 പ്രാബല്യത്തിൽ സാംഖ്യ സോഫ്റ്റ്‌വെയർ നിലവിൽ വന്നിരുന്നെങ്കിലും നാളിതുവരെയും നികുതിയിനങ്ങളുടെ സോഫ്റ്റ്‌വെയറായ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതിയിനങ്ങൾ ഉൾപ്പടുത്തി സാംഖ്യ സഞ്ചയ സോഫ്റ്റ്‌വെയറുകൾ ലിങ്ക് ചെയ്ത് നികുതി വരവിനങ്ങളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. സാംഖ്യ – സഞ്ചയ സോഫ്റ്റ്‌വെയറുകൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്ത് കമ്പ്യൂട്ടറൈസ്ഡ് റിപ്പോർട്ടുകൾ ലഭ്യമാക്കാത്തിടത്തോളം കാലം രജിസ്റ്ററുകൾ പഴയ രീതിയിൽ എഴുതി തയ്യാറാക്കി സൂക്ഷിക്കണമെന്നും പൂർണ്ണമായി അപ്ഡേറ്റ് ചെയ്ത് ഓൺലൈൻ ആയിക്കഴിഞ്ഞാൽ പിന്നീട് രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദ്ദേശിക്കേണ്ടതില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13-10-11 ലെ ജി.ഒ.(എം.എസ്)245/11എൽ.എസ്.ജി.ഡി, തീയതി-13.10.11-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ സോഫ്റ്റ്‌വെയറുകളിൽ നികുതി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയോ വസ്തു നികുതിഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ എഴുതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്ററും നികുതി നിർണ്ണയ ഫയലുകളും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

## 2.വസ്തുനികുതി നിർണ്ണയം- നികുതി കുറവായി നിർണ്ണയിച്ചത് മൂലം തൻവർഷ നികുതി നഷ്ടം-120291+6014

ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിലെ നികുതി നിരക്കുകൾ പ്രകാരമാണ് മുനിസിപ്പാലിറ്റിയിൽ 2016-17ൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്. 2017 ജ്ജൂലൈ മുതൽ മുനിസിപ്പാലിറ്റിക്ക് ബാധകമായ നിരക്കിൽ നികുതി നിരക്ക് സംബന്ധിച്ച് കൗൺസിൽ തീരുമാനം എടുത്തതായി അറിയിച്ചിട്ടുണ്ട്. തറവിസ്തീർണ്ണത്തിന്റെ വർദ്ധനവിനനുസരിച്ചുള്ള നികുതി നിരക്ക് ഈടാക്കാത്തതു മൂലവും വഴിസൗകര്യം, തറനിർമ്മിതി ഉപയോഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ വരുത്താത്തത് മൂലവും നികുതി നിർണ്ണയിച്ചതിൽ കുറവുണ്ടായിട്ടുണ്ട്. 200$m^2$ ലധികമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് $m^2$ന്70/- രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന സ്ഥാനത്ത് 40/- രൂപ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്.

<u>വിശദവിവരം ചുവടെ ചേർക്കുന്നു.</u>

| ക്രമ നം | കെട്ടിട നമ്പർ/ ഉപയോഗ ത്തിന്റെ തരം | വിസ്തീർ ണ്ണം | ഈടാ ക്കേണ്ട നികുതി നിരക്ക് | നിർണ്ണയിച്ച് ഈടാക്കിയ നികുതി നികുതി നിരക്ക് | നിർണ്ണയി ക്കേണ്ട നികുതി | ഈടാ ക്കി യതിൽ കുറവ് വസ്തു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നികുതി |
| 1 | KP VI/810A<br>വാണിജ്യം | 300.43m$^2$ | @ 70 | 14271<br>(rt no 116011-<br>02275/5-5-16)<br>@ 40/- | 22082<br>[21030<br>( അടിസ്ഥാന<br>വസ്തു നികുതി -3<br>00.43X 70)- 2103<br>(ഇളവ് മേഖല<br>ദ്വിതീയം 10%)+3155<br>(വർദ്ധനവ്<br>മേൽത്തരം തറ<br>നിർമ്മാണം 15%) | 7811 |
| 2 | KP VI/810B<br>വാണിജ്യം | 300.43m$^2$ | @ 70 | 14271<br>(rt no 116011-<br>02275/5-5-16)<br>@ 40/- | 22082<br>[21030<br>( അടിസ്ഥാന വസ്തു<br>നികുതി -300.43X 70)-<br>2103<br>(ഇളവ് മേഖല<br>ദ്വിതീയം 10%)+3155<br>(വർദ്ധനവ്<br>മേൽത്തരം<br>തറ നിർമ്മാണം 15%) | 7811 |
| 3 | KP VI/810C<br>വാണിജ്യം | 300.43m$^2$ | @ 70 | 14271<br>(rt no 116011-<br>02275/5-5-16)<br>@ 40/- | 22082<br>[21030<br>( അടിസ്ഥാന വസ്തു<br>നികുതി -300.43X 70)-<br>2103<br>(ഇളവ് മേഖല<br>ദ്വിതീയം 10%)+3155<br>(വർദ്ധനവ്<br>മേൽത്തരം തറ<br>നിർമ്മാണം 15%) | 7811 |

| | | | | | | |
|---|---|---|---|---|---|---|
| 4 | KP V /532Aവാണിജ്യം | 512.6m$^2$ | @70 | 34601 (rt no 11601-04634/8-6-16 | 48441<br>[35882 ( അടിസ്ഥാന വസ്തു നികുതി – 512.6X 70)+ 12559 (35% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% + മേൽത്തരം തറ നിർമ്മാണം 15%) | 13840 |
| 5 | KP V /532B<br>വാണിജ്യം | 634.80m$^2$ | @70 | 40707 ( rt no 116011-04035/8-6-16) | 59989<br>[44436 ( അടിസ്ഥാന വസ്തു നികുതി 634.8X 70)+ 15553 (35% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% + മേൽത്തരം തറ നിർമ്മാണം 15%) | 19282 |
| 6 | KP V /532C<br>വാണിജ്യം | 634.80m$^2$ | @70 | 38565 (rt no 116011-04036/8-6-16) | 59989<br>[44436( അടിസ്ഥാന വസ്തു നികുതി 634.8X 70)+ 15553 (35% വർദ്ധനവ് വഴി | 21424 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% + മേൽത്തരം തറ നിർമ്മാണം 15%) | |
| 7 | KP V /532D<br>വാണിജ്യം | 634.80m$^2$ | @70 | 36422 (rt no 116011-04037/8-6-16) | 59989<br>[44436 ( അടിസ്ഥാന വസ്തു നികുതി 634.8X 70)+ 15553 (35% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% + മേൽത്തരം തറ നിർമ്മാണം 15%) | 23567 |
| 8 | KP XV /461A<br>വാണിജ്യം | 445.19 | @70 | 18828 (116021-00244/16-8-16) | 28052<br>[31163 ( അടിസ്ഥാന വസ്തു നികുതി445.19X 70)- 3111 (10% ഇളവ് ദ്വിതീയ മേഖല ) തറ നിലവിൽ സിമെന്റ് എന്നാണ് രേഖപ്പെടുത്തി യിരിക്കുന്നത്. | 9224 |
| 9 | KP XVII /819C<br>ഓഫീസ് | 385.98 | @40 | 16135 (116011-04013/8-6-16) | 16984<br>[15439 ( അടിസ്ഥാന വസ്തു നികുതി385.98X 40)- 1544 | 849 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (10% ഇളവ് കാലപ്പഴക്കം )+3088 വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% . | |
| 10 | KP XVll /820A ഓഫീസ് | 90.79 | @40 | 3596 (116011-04013/8-6-16) | 3995 [3632 ( അടിസ്ഥാന വസ്തു നികുതി 90.79X 40)- 363 (10% ഇളവ് കാലപ്പഴക്കം )+ 726 വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% . | 399 |
| 11 | KP XVll /820Bഓഫീസ് | 116.85 | @40 | 4628 (116011-04015/8-6-16) | 5141 [4674 ( അടിസ്ഥാന വസ്തു നികുതി 116.85X 40)-467 (10% ഇളവ് കാലപ്പഴക്കം )+ 934 വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% . | 513 |
| 12 | KP XVll /820C ഓഫീസ് | 68.2 | @40 | 2701 (116011-04016/8-6-16) | 3001 [2728 ( അടിസ്ഥാന വസ്തു നികുതി 68.2X 40)-273 (10% ഇളവ് കാലപ്പഴക്കം )+ | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 546 വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാന ത്തിൽ 20% . | |
| 13 | KP XVII /820D ഓഫീസ് | 325.61 | @40 | 12895 (116011-04017/8-6-16) | 14326 [13024 ( അടിസ്ഥാന വസ്തു നികുതി 325.61X 40)- 1302 (10% ഇളവ് കാലപ്പഴക്കം )+ 2604 വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% . | 1432 |
| 14 | KPVII/108 റസിഡൻഷ്യൽ | $262.34m^2$ | @6 | 1237 (116011-06422 /26-7-16) | 1653 [262.34x6= 1574-157 (10% ഇളവ് ദ്വിതീയം )+ 236(വർദ്ധനവ് 15% മേൽത്തരം തറ നിർമ്മാണം) | 416 |
| 15 | KP XIV/243A റസിഡൻഷ്യൽ | $273.92\ m^2$ | @6 | 1476 (116011-06924/6-8-16) | 1727 [273.92x6= 1644-164 (10% ഇളവ് ദ്വിതീയം )+ 247(വർദ്ധനവ് 15% മേൽത്തരം തറ | 251 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നിർമ്മാണം) | |
| 16 | KPXVI/82A<br>റസിഡൻഷ്യൽ | 166.4m$^2$(പുതുതായി നിർമ്മിച്ചത്.<br>ആകെ വിസ്തീർണ്ണം 283.99m$^2$ | | 839<br>(116011-04624/18-6-16) | 1348<br>(166.4x6=998+350<br>(വർദ്ധനവ് 35%<br>മേൽത്തരം<br>തറ നിർമ്മാണം 15%+<br>വഴിസൗകര്യം 20%) | 509 |
| 17 | KPV/62A<br>റസിഡൻഷ്യൽ | 706.54m2 | @6 | 4823<br>(11602104676/22-11-16) | 5282<br>(706.54x6=4593-459<br>(ഇളവ് 10% ദ്വിതീയം)+<br>1148(25% വർദ്ധനവ്<br>10% എയർ കണ്ടീഷൻ<br>+മേൽത്തരം<br>തറ നിർമ്മാണം 15% | 459 |
| | | | | | ആകെ | 115898 |

3.തറ വിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്താതെ നികുതി നിർണ്ണയിച്ചു .

ശ്രീമതി.സാറാമ്മകുഞ്ഞുകുഞ്ഞ്, ചരുവിള വീട്, പുലമൺ.പി.ഒ എന്ന വ്യക്തിയുടെ പുതുതായി നിർമ്മിച്ച കൊമേഴ്സ്യൽ ബിൽഡിംഗിന്റെ വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധനയിൽ നികുതി നിർണ്ണയത്തിന് മുഴുവൻ തറവിസ്തീർണ്ണവും ഉൾപ്പടുത്തിയിട്ടില്ലെന്ന് കാണുന്നു.നികുതി നിർണ്ണയ ഫയൽ പ്രകാരം ഗ്രൗണ്ട് ഫ്ളോർ 116.12m2 ഉം ഫസ്റ്റ് ഫ്ലോർ 191.93 m2 ഉം സെക്കന്റ് ഫ്ലോറിലെ സ്റ്റെയർ ക്യാബിൻ 21.60m2 ഉം ആണ് പണി പൂർത്തീകരിച്ചത്.എന്നാൽ ഗ്രൗണ്ട് ഫ്ളോറിൽ രണ്ട് കടമുറികൾക്കായി 94.52 m$^2$ഉം( KP IV/195 A 74.11m2 + KP IV/195 B 20.41m$^2$)ഫസ്റ്റ് ഫ്ലോറിൽ KPIV/195C എന്ന കടമുറിയ്ക്കായി 170.33m$^2$ നുമാണ് നികുതി നിർണ്ണയിച്ചത്. ഗ്രൗണ്ട് ഫ്ളോറിൽ 21.6m$^2$( 116.12-94.52) ഉം ഫസ്റ്റ്സ്റ്റെയർ ക്യാബിൻ ആയ 21.6m$^2$ ഉം നികുതി നിർണ്ണയത്തിന് ഉൾപ്പടുത്തിയിട്ടില്ല.മേൽ സൂചിപ്പിച്ച തറവിസ്തീർണ്ണവും കൂടി ഉൾപ്പടുത്തി നിർണ്ണയിക്കേണ്ട നികുതിയും നിർണ്ണയിച്ച് ഈടാക്കിയ നികുതിയും ചുവടെ ചേർക്കുന്നു .

a).ഗ്രൗണ്ട് ഫ്ളോർ തറവിസ്തീർണ്ണം- 116.12m$^{2}$.

ഈടാക്കേണ്ട നികുതി @ 50- 5806 + l.c 290/-

ഈടാക്കിയത് 3782 + 190 [ KP IV/195 A 74.11m$^{2}$- 2965 +149(rt no 116011-02415/6-5-16, KP IV/195 B 20.41m$^{2}$ -817+41 (rt no 116011-02416/6-5-16)

ഈടാക്കിയതിൽ കുറവ്- 2024+100

b).ഫസ്റ്റ് ഫ്ലോർ 191.93 m$^{2}$

ഈടാക്കേണ്ട നികുതി @ 50- 9597 +48

ഈടാക്കിയത് -8092+405(116011-02417/6-5-16)

ഈടാക്കിയതിൽ കുറവ്-1505+75

c).സ്റ്റെയർ ക്യാബിൻ 21.6m$^{2}$

ഈടാക്കേണ്ട നികുതി @ 40 - 864 +43 നികുതി ഈടാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ ആകെ 4393/ രൂപ നികുതിയിനത്തിലും 218/- രൂപ ലൈബ്രറിസെസ്സിനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിവരങ്ങൾ കാണിച്ചു കൊണ്ട് നല്കിയ എൻക്വയറികൾക്ക്(16/20-9-17, 26/23-9-17) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണ രജിസ്റ്ററിൽ രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയിച്ചത് തുക ഈടാക്കുന്ന രസീതുകളുടെ നം. തീയതി ഇവ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അടിസ്ഥാനത്തിൽ നികുതി നിർണ്ണയ കാലയളവിലെ സെക്രട്ടറി മേൽ നഷ്ടോത്തരവാദിയായതിനാൽ നഷ്ടത്തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കാത്തപക്ഷം ടിയാന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. വസ്തുനികുതി യിനത്തിൽ നഷ്ടം വന്ന 120291/- രൂപയും ലൈബ്രറിസെസ്സിനത്തിൽ 6014 രൂപയും മേൽ സൂചിപ്പിച്ചവരുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികതി- അപാകതകൾ

തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി തുകയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് എഴുതിസൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിലും ഡിമാന്റ് കളക്ഷൻ ബാലൻസ് എഴുതിസൂക്ഷിച്ചിട്ടില്ല.സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായപ്രകാരമുള്ള വരവ്തുകകളുടെ ആധികാരികത ഉറപ്പാക്കാനുള്ള യാതൊരുരേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ഒടുക്കേണ്ട തുക |
|---|---|---|---|
| 1 | കൊട്ടാരക്കര താലൂക്ക് ഹൗസിങ് സഹകരണസംഘം | I | 1250 |
| 2 | മുത്തൂറ്റ്ഫിൻകോർപ്പ് ,ചന്തമുക്ക് | I,II | 2500 |
| 3 | കേരളഗ്രാമീൺബാങ്ക് | I | 1250 |
| 4 | മുത്തൂറ്റ് ഫോറെസ് ലിമിറ്റഡ് | I,II | 2500 |
| 5 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് | I,II | 2500 |
| 6 | കൊശമറ്റം ഫിനാൻസ് | I | 1250 |
| 7 | ബാങ്ക് ഓഫ് ബറോഡ | I | 1250 |
| 8 | കൊല്ലംഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ്ബാങ്ക്,സായാഹ്നശാഖ | I | 1250 |
| 9 | ദീദീ മോട്ടോർസ് | I | 1250 |
| 10 | കാനറാബാങ്ക്,പുലമൺ | I | 1250 |
| 11 | യൂണിയൻ ബാങ്ക് | II | 1250 |
| 12 | പഞ്ചാബ് നാഷണൽ ബാങ്ക്,Met life | II | 1250 |
| 13 | റിലയൻസ് ഇൻഷുറൻസ് | I,II | 2500 |

| | | | |
|---|---|---|---|
| 14 | ഗവ സർവന്റ്സ് കോപ്പറേറ്റീവ് സൊസൈറ്റി | I,II | 2500 |
| 15 | സൗമ്യ ഫിനാൻസ് | I,II | 2500 |
| 16 | വോഡാഫോൺ സെല്ലലോർ | I,II | 2500 |
| 17 | മുത്തൂറ്റ് ഇൻഷുറൻസ് | I,II | 2500 |
| 18 | ക്രിസ്റ്റലൈൻ ടെലി സർവീസ് | I, II | 2500 |
| 19 | സപ്ലൈകോ | I | 1250 |
| 20 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ | I | 1250 |
| 21 | ആക്സിസ് ബാങ്ക് | I | 1250 |
| 22 | ഹെർകുലീസ് ഓട്ടോമൊബൈൽസ് | I | 1250 |
| | | ആകെ | 3,75,000 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള സ്ഥാപനതൊഴിൽനികുതി പിഴപലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 <u>ലേലം-അപാകതകൾ</u>

നഗരസഭയിൽ വിവിധ ഇനങ്ങൾ ലേലം ചെയ്തതിന്റെ ലേലഡയറി, ലേലഫയൽ ഇവ സൂക്ഷിച്ചുകാണുന്നില്ല. കൂടാതെ എഗ്രിമെന്റിനായി മുദ്രപത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നുണ്ട് എന്നല്ലാതെ എഗ്രിമെന്റ് വച്ചിട്ടില്ല. ലേലം സ്ഥിരപ്പെടുത്തി നൽകിയിരിക്കുന്ന കമ്മിറ്റി തീരുമാനം സെക്രട്ടറി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ ഇനങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് - ഫീസ് പിരിക്കുന്നതിലും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും വീഴ്ച</u>

2016-17 വർഷത്തിൽ പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം നടത്താതെ നേരിട്ട് പിരിച്ചിരിക്കുന്നു. ഈ ഇനം നേരിട്ട് പിരിക്കാൻ ചുമതലപ്പെടുത്തിയതാരെയെന്നോ ഏത് നിരക്കിലാണ് പിരിവ് നടത്തേണ്ടത് എന്നും വ്യക്തമാക്കിക്കൊണ്ടുള്ള കൌൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ ഒരു താല്ക്കാലിക ജീവനക്കാരനാണ് മേൽ പിരിവ് നടത്തിയിട്ടുള്ളത്. എന്നാൽ ടിയാനെ പിരിവിന് ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവുകൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല മേൽ പിരിവിനായി പ്രത്യേകം രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ മേൽ രസീതുകളുടെ സ്റ്റോക്ക്, ഇഷ്യൂ, എന്നിവ വ്യക്തമാക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ഇക്കാലയളവിൽ സൂക്ഷിച്ചിട്ടില്ല. രസീത് തിരിച്ചുള്ള കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കളക്ഷൻ തുക നഗരസഭയിൽ ഒടുക്കുന്നത് രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വരവ് തുക മുഴുവൻ നഗരസഭയിൽ ഒടുക്കുവന്നോ എന്നതു പരിശോധിച്ച് ഉറപ്പാക്കാൻ പര്യാപ്തമാകുംവിധമുള്ള യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 01-04-16 മുതൽ 30-05-16 വരെയുള്ള കളക്ഷൻ പരിശോധിച്ചതിൽ താഴെപറയുന്ന തരത്തിൽ രസീതുകളിൽ തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നതായി രജിസ്റ്റർ പരിശോധനയിൽ കാണുന്നു.

| തീയതി | രസീത് നമ്പർ |
|---|---|
| 05-04-16 | 301-382 |
| 06-04-16 | ഏത് രസീത് പ്രകാരമുള്ള വരവാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| 07-04-16 | ഏത് രസീത് പ്രകാരമുള്ള വരവാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| 08-04-16 | 565-651 |
| 9-04-16 മുതൽ 12-04-16 | ഏത് രസീത് പ്രകാരമുള്ള വരവാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| 13-04-16 | 979-1058 |
| 30-04-16 | 2364-2459 |

| | |
|---|---|
| 01-05-16 | 2464-2527 |
| 3-05-16 | 2601-2673 |
| 18-05-16 | 3724-3798 |
| 19-05-16 | 3759-3875 |
| 23-05-16 | 4104-4180 |
| 24-05-16 | 4182-4288 |
| 25-05-16 | 4259-4330 |
| 29-05-16 | 4575-4641 |
| 30-05-16 | 4642-4739 |

തുടർച്ച നഷ്ടപ്പെട്ടിരിക്കുന്ന രസീതുകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കളക്ഷൻ രജിസ്റ്റർ പ്രകാരം 1മുതൽ 28248 വരെയുള്ള രസീതുകൾ 2016-17 വർഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം 506905യാണ് ഈയിനത്തിലുള്ള വരവ് .എന്നാൽ ഈ ഇനത്തിലുള്ള വരവ് തെറ്റായി പല ഹെഡുകളിലും പോസ്റ്റ് ചെയ്തതായി കാണുന്നു.(ഓഡിറ്റ് റിക്കവറി എന്നയിനത്തിലും പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് ഇനത്തിലുള്ള വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്.) ആയതിനാൽ എത്ര രസീതുകൾ ഉപയോഗിച്ച് എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട് എന്ന് ഓഡിറ്റിന് ബോധ്യപ്പെടാൻ സാധിച്ചില്ല.

2.ഫിഷ്സ്റ്റാൾ ലേലം-രേഖകൾ ആധികാരികമല്ല

നഗരസഭാ പരിധിയിലുള്ള ഫിഷ് സ്റ്റാളിന്റെ ലേലവുമായി ബന്ധപ്പെട്ട് ഒരു രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ആയതിൽ ഓരോ സ്റ്റാളിൽ നിന്നുമുള്ള വരവിന്റെ തുകയും രസീത് നമ്പറും പോസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ രസീതുകൾ പരിശോധിച്ചതിൽ ടി രസീതുകൾ പ്രകാരമുള്ള വരവുകളിലേറെയും ഈ ഇനത്തിലുള്ളതല്ല. സാംഖ്യ സമ്പ്രദായത്തിൽ വരവ് ശരിയായി അക്കൗണ്ടിംഗ് ചെയ്യാത്തതിനാൽ ടി ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും വരവുവന്നോ എന്നത് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൾ നമ്പർ | രജിസ്റ്റർ പ്രകാരം വരവുവന്നതായി | രജിസ്റ്റർ പ്രകാരമുള്ള രസീതുനമ്പർ | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | കാണിച്ചിട്ടുള്ള തുക | | |
| 18 | 20610 | 11501118385/31-03-16 | ബുക്ക് പ്രകാരം അന്നേ ദിവസം ടി രസീത് നം. പ്രകാരമുള്ള വരവ് ഈ ഇനത്തിലുള്ളതല്ല. |
| 19 | 5359 | 1150411623/30-03-16 | |
| 22 | 10305 | 11501119439/31-03-16 | |
| 25 | 14427 | 11501119339/30-03-16 | |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച- 1,28,37,224/-ചെലവഴിക്കപ്പെട്ടിട്ടില്ല

വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി മുൻസിപ്പാലിറ്റിയ്ക്ക് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻ വർഷം അനുവദിച്ച് നല്കിയ 12837224/- ചെലവഴിക്കപ്പെട്ടിട്ടില്ല. സാമൂഹിക നീതിയും സാമ്പത്തിക വികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി സർക്കാർ മുൻസിപ്പാലിറ്റിയ്ക്ക് തൻവർഷം അനുവദിച്ച് നൽകിയ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള തുക | ചെലവ് തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 12707476 | 12707476 | 9817803 | 77.26% | 2889673 |
| വികസനഫണ്ട് (എസ്.സി.പി) | 8264493 | 8264493 | 5770219 | 69.8% | 2494274 |
| വികസനഫണ്ട് (റ്റി.എസ്.പി) | 90765 | 90765 | 90765 | 100% | 0 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് | 6478247 | 6478247 | 4599695 | 71% | 1878548 |
| ലോകബാങ്ക് | 2713903 | 2713903 | 2199761 | | 514142 |

| | | | | | |
|---|---|---|---|---|---|
| ധനസഹായം | | | | | |
| സംരക്ഷണ ഗ്രാന്റ് (നോൺ-റോഡ്) | 3439008 | 3439008 | 1972913 | 57.36% | 1466095 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 10147440 | 10147440 | 6552948 | 64.57% | 3594492 |
| ആകെ | | | | | 12837224 |

സർക്കാരിൽ നിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകും വിധത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലമാണ് 12837224/- ചെലവഴിക്കാൻ കഴിയാതെ വന്നത്.മേൽ വിഷയത്തിൻമേൽ വിശദീകരണം തേടി 22-9-2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2015-16, 2016-17വാർഷിക പദ്ധതികളിൽ ഏറ്റെടുത്ത പദ്ധതികൾ 2017-18ൽ സ്പിൽ ഓവർആയി തുടരുമ്പോൾ പേയ്മെന്റ് നൽകുന്നത് സംബന്ധമായി അനുവാദവും നിയന്ത്രണവും ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച 25.04.17ലെ ജി.ഒ.(എം.എസ്.)നം.3631/17/ധന,28.04.17ലെ ജി.ഒ.(എം.എസ്.)നം.3689/17/ധന ഉത്തരവുകളും11.05.17ലെ ഡി.എ.1/279 /17.തസ്വഭവ സർക്കുലറും പരിഗണിച്ച് സമുചിതമായ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ച് നൽകുന്ന ഗ്രാന്റുകളുംഫണ്ടുകളും നിയമാനുസൃത സമയപരിധിക്കുള്ളിൽ ചെലവഴിക്കുവാനും നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-2 <u>പദ്ധതി നിർവ്വഹണത്തിൽ വീഴ്ച-വെറ്റിനറി സർജൻ **8%**,വി.ഇ.ഒ,പ്രോജക്ട് ഓഫീസർ **7.4%** മാത്രം ചെലവ്</u>

പദ്ധതി നിർവ്വഹണത്തിൽ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | ചെലവഴിച്ചതുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പാക്കിയത് | | | |
| സെക്രട്ടറി | 27 | 17 | 18045108 | 9733351 | 54 |
| അസി.എഞ്ചിനീയർ | 158 | 62 | 38878746 | 14321049 | 36.83 |
| ഹെൽത്ത് ഇൻസ്പെക്ടർ , പട്ടികജാതി വികസന ഓഫീസർ | 5 | 5 | 3320765 | 2551765 | 76 |
| കൃഷിഓഫീസർ | 3 | 3 | 727000 | 338100 | 46.5 |

| | | | | | |
|---|---|---|---|---|---|
| വെറ്റിനറി സർജൻ | 5 | 3 | 1772500 | 150000 | 8.4 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി), താലൂക്ക് ഹോസ്പിറ്റൽ | 4 | 3 | 577748 | 514459 | 89 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 182500 | 158400 | 86.7 |
| വി.ഇ.ഒ,പ്രോജക്ട് ഓഫീസർ | 7 | 3 | 17060000 | 1260000 | 7.3 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 4660991 | 4459204 | 95.67 |
| ഹെഡ് മാസ്റ്റർ | 4 | 3 | 536868 | 248284 | 46 |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 4 | 4 | 525000 | 514600 | 98 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി), സി.എച്ച്.സി. നെടുമൺകാവ് | 1 | 1 | 603191 | 548700 | 90.96 |

ഏറ്റെടുത്ത പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കുന്നതിൽ വി.ഇ.ഒ,വെറ്റിനറി സർജൻ എന്നിവർ വീഴ്ച വരുത്തിക്കാണുന്നു. കൃഷിഓഫീസർ, ഹെഡ്മാസ്റ്റർ എന്നിവരുടെ ചെലവ് 50 ശതമാനത്തിൽ താഴെയാണ്. അംഗീകരിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ജാഗ്രത കാണിക്കാത്തതിനാൽ നഗരസഭയ്ക്ക് കനത്ത നഷ്ടമുണ്ടായിട്ടുണ്ട്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

## 3-3 <u>ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ</u>

കൊട്ടാരക്കര നഗരസഭയിൽ പട്ടികജാതി വികസന ഓഫീസറുടെ തസ്തിക ഇല്ലാത്തതിനാൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കേണ്ട പദ്ധതികൾ നടത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിരുന്നു. കൗൺസിലിന്റെ 30-12-16 ലെ 2(6) തീരുമാനപ്രകാരം (സെക്രട്ടറിയുടെ 12-1-17 ലെ ജി4/707/2017 ാംനം. നടപടിക്രമം) പ്രകാരമാണ് ചുമതല നൽകിയിത്. GO(P)177/06fin.dtd-12-4-06 പ്രകാരമുള്ള ഇംപ്ലിമെന്റിംഗ് ഓഫീസർമാരുടെ ലിസ്റ്റിൽ ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പെട്ടിട്ടില്ല. ടിയാൾ നടത്തിയ പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

<u>1.പ്രോജക്ട് നം 154/17 കുടി വെള്ളക്കിണർ(എസ്.സി.പി)</u>

പദ്ധതി മാർഗ്ഗ രേഖ പ്രകാരം (GO(MS)4/16 lsgd dtd, 11-1-16)കിണർ

നിർമ്മാണത്തിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർ നല്കുന്ന കിണർ നിർമ്മാണചെലവിന്റെ (valuation certificate) 75% തുക പരമാവധി സബ്സിഡി തുകയായ 17000/-രൂപയിലധികരിക്കാതെ നല്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് വാല്യേഷൻ തുകയുടെ 75%ത്തിലും അധികമായി തുക നല്കിയിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാല്യേഷൻ തുക | നല്കിയ തുക (ബിൽ നം 3/21-3-17, തുക180000, ബിൽ നം 8/31-3-17, തുക96000/- | നല്കേണ്ട തുക 75% | അധികം |
|---|---|---|---|---|---|
| 1 | യശോധര, തേമ്പക്കാല മേലേക്കോണത്ത് വീട് | 17000/- | 17000/- | 12750 | 4250/- |
| 2 | ചന്ദ്ര, കുറുങ്ങേൽ വീട് | 17000/- | 17000/- | 12750 | 4250/- |
| 3 | തങ്കമണി, ശ്രീകല ഭവൻ | 17000/- | 17000/- | 12750 | 4250/- |
| 4 | ശാന്ത, കാരയ്ക്കൽകിഴക്കേവീട് | 17000/- | 17000/- | 12750 | 4250/- |
| 5 | സിന്ധു, ചരുവിളവീട് | 17000/- | 17000/- | 12750 | 4250/- |
| 6 | ജയകുമാർ, മലയിൽ പുത്തൻവീട് | 17000/- | 17000/- | 12750 | 4250/- |
| 7 | ബിജു, ഇടയിലവീട് | 20000/- | 17000/- | 15000/- | 2000/- |
| 8 | വിക്രമൻ, വിക്രമവിലാസം | 17000/- | 17000/- | 12750 | 4250/- |

| | | | | | |
|---|---|---|---|---|---|
| 9 | രാജമ്മ, ശ്രീരാജ് വിലാസം | 18000/- | 17000/- | 13500/- | 3500/- |
| 10 | ദിവാകരൻ,കോണത്തുവീട് | 17000/- | 17000/- | 12750 | 4250/- |
| 11 | അംബിക,വട്ടക്കാലവീട് | 18000/- | 17000/- | 13500/- | 3500/- |
| 12 | സന്തോഷ്,സംഗീതഭവൻ | 17000/- | 17000/- | 12750 | 4250/- |
| | | | | ആകെ | 47250/- |

അധികമായി നല്കിയ സബ്സിഡി തുക മേൽ വ്യക്തികളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

2.2010-11ൽ ഭവനനിർമ്മാണത്തിന് ആനുകൂല്യം ലഭിച്ച വ്യക്തിക്ക് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നല്കി.

പ്രോജക്റ്റ് നം 156/17 ഭവന പുനരുദ്ധാരണം(എസ്.സി.പി)

2016-17 ൽ ഭവന പുനരുദ്ധാരണത്തിന് 25000/-(ബിൽ നം1/12-3-17,തുക120000/- )രൂപ ആനുകൂല്യം കൈപ്പറ്റിയ സരസ്വതിയമ്മ,ഇടയില വടക്കതിൽ വീട്.ഇ.റ്റി.സി .പി.ഒ എന്ന വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാൾക്ക് 2010-11ലെ എസ്.സി.വകുപ്പിലെ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ആനുകൂല്യം നല്കിയിട്ടുള്ളതായി (ആദ്യ ഗഡു 2010-11ൽ കൈപ്പറ്റിയിരിക്കുന്നു). ടിയാളുടെ റേഷൻകാർഡിൽ (നം1208070413) രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് ബോദ്ധ്യപ്പെട്ടു. വീടിന്റെ കാലപ്പഴക്കം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കിയിരുന്നില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(എം.എസ്)4/16, തീയതി-11.1.16) 8 വർഷത്തിലധികം പഴക്കമുള്ള വീടുകൾക്കാണ് പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകേണ്ടത്. പുതുതായി ഭവനനിർമ്മാണത്തിന് ആനുകൂല്യം ലഭിച്ച വ്യക്തിക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും ഭവനപുനരുദ്ധാരണത്തിന് നല്കിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

3. നിലവിൽ പഠിതാവല്ലാത്ത വ്യക്തിക്ക് പഠനമുറിക്ക് ആനുകൂല്യം നല്കി.

പ്രോജക്റ്റ് നം 157/17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(എസ്.സി.പി)

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്കായി ആനുകൂല്യം കൈപ്പറ്റിയ വീണ.റ്റി,

മാണിശ്ശേരി വീട്, കുരുമുറ്റം , പുലമൺ പി.ഒ എന്ന അപേക്ഷ സമർപ്പിച്ച രേഖകൾ പ്രകാരം ടിയാൾ 2014-16 ൽ Msc കോഴ്സ് പൂർത്തീകരിച്ചതായാണ് കോളേജ് പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്നത്.നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വർക്കും പഠനത്തിനായി പ്രത്യേക സ്ഥലസൗകര്യമില്ലാത്തതുമായ വിദ്യാർത്ഥികൾക്കാണ് പഠനമുറിക്ക് ആനുകൂല്യം നല്കേണ്ടത്. അതിനാൽ മേൽ വ്യക്തിയുടെ നിലവിലെ പഠനരേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വ്യക്തിക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി ചെലവഴിച്ച 100000/- രൂപ(ബിൽ നം2/12-3-17, തുക 1200000/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നല്കിയ എൻക്വയറിയ്ക്ക്(നം.5/15-9-17) മറുപടിയായി പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്ത് മുൻപരിചയം ഇല്ലാത്തതിനാലും മറ്റ് പരിശീലനങ്ങളൊന്നും ലഭിക്കാതെ അവസാന നിമിഷം പദ്ധതി നടപ്പിലാക്കിയതിനാലുമാണ് മേൽ അപാകതകൾ സംഭവിച്ചത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നത്.

## 3-4 തെരുവ് വിളക്കുകളുടെ പരിപാലനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

A.തെരുവുവിളക്കുകളുടെ മെയിന്റനൻസ് 58/17

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി നിലവിലുള്ള തെരുവുവിളക്കുകൾ കേടാകുന്ന മുറയ്ക്ക് മെയിന്റനൻസ് നടത്തിയും ആവശ്യമായ സാധനങ്ങൾ കരാറുകാരന്റെ ചുമതലയിൽ വാങ്ങി മാറ്റിയിട്ടും ആറുമാസത്തേക്ക് തുടർച്ചയായി പ്രകാശിപ്പിക്കുന്നതിനാണ് അശോകൻ,അമലാ ഇലക്ട്രിക്കൽസ് എന്ന കരാറുകാരനുമായി 16-8-16 ൽ(31-3-17 വരെ)കരാറിൽ ഏർപ്പെട്ടിരുന്നത്.

1431917/-അടങ്കൽ തുകയുള്ള മേൽ പദ്ധതിയിൽ (വികസനഫണ്ട് സാധാ.574417/-തനത്ഫണ്ട് 500000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് – 357500/-), 1259566/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. (വികസനഫണ്ട് പൊതുവിഭാഗം) 402066/- തനത്ഫണ്ട്, 500000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് 357500/-). ദർഘാസ് പരസ്യത്തിലും കരാർ നിർദ്ദേശങ്ങളിലും ഓരോഘട്ടത്തിന്റെയും തുടക്കത്തിൽ കേടായ ലൈറ്റ് യൂണിറ്റുകളുടെ എണ്ണവും വാങ്ങേണ്ട ഉപകരണങ്ങളുടെ എണ്ണവും കണക്കാക്കി കെ.എസ്.ഇ.ബി. എ.ഇയുടെ സാക്ഷ്യപത്രം സഹിതം ഉപകരണങ്ങൾ കരാറുകാരൻ വിതരണം നടത്തേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. പദ്ധതിയുടെ പരിശോധനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖാ (15-9-11ലെ

3055/ഡി.എ.3/2011 lsgd)നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

1.തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ വച്ചിട്ടില്ല.

3.16-8-16ൽ കരാറിൽ ഏർപ്പെട്ട് 23-8-16 ൽ കരാറുകാരൻ കൊച്ചുമേലതിൽ ഏജൻസീസിൽ നിന്നും 515562.97രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ബിൽ ഹാജരാക്കിയതുപ്രകാരം തനത്ഫണ്ടിൽ നിന്നും 7-9-16 ലെ ചെക്ക്നം. 22341 പ്രകാരം 5,00,000/-രൂപ നൽകിയതിന്റെ രേഖ ഹാജരാക്കിയിട്ടുണ്ട്. എന്ത് മാനദണ്ഡപ്രകാരമാണ് ഇത്രയധികം ഉപകരണങ്ങൾ കരാറിലേർപ്പെട്ടതിന്റെ ഏഴാം ദിവസം തന്നെ വാങ്ങിയത് എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തതിന് ശേഷം മുഴുവൻ ഉപകരണങ്ങളും കരാറുകാരനെ ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ യഥാസമയം നൽകുന്നതിന് പകരം കരാറുകാരൻ സ്വന്തമായി വാങ്ങിക്കൊണ്ടു വന്ന മുഴുവൻ ഉപകരണങ്ങളും കരാറുകാരനെ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല.

മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

4. 777 ട്യൂബുകളും 51 ഡബിൾ ട്യൂബുകളും 422 സി.എഫ്.എല്ലും 5 സോഡിയം വേപ്പർ ലാമ്പുകളും 2 ഹൈമാസ്റ്റ് ലൈറ്റുകളും മെയിന്റനൻസ് നടത്തിയതായി കെ.എസ്.ഇ.ബി.എ.ഇ , വാർഡ് മെമ്പർ എന്നിവരുടെ സാക്ഷ്യപത്രം സഹിതം 180960/-രൂപ തൊഴിൽകൂലിയിനത്തിലും ഉപകരണങ്ങളുടെ വിലയിനത്തിൽ 183003/-രൂപയുമുൾപ്പടെ 363963/-രൂപ കരാറുകാരന് നല്കിയിട്ടുണ്ട് . മേൽ പ്രവർത്തനങ്ങൾക്കായി 43.5m അലൂമിനിയം വയറും 103 ഇൻസുലേഷൻ ടേപ്പും ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് .സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ

മറ്റ് ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

5.ബിൽ നം 35/31-3-17 പ്രകാരം 395603/-രൂപ പിൻവലിച്ച് കരാറുകാരന് നല്കിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി.എ.ഇ ,വാർഡ് മെമ്പർ എന്നിവരുടെ സാക്ഷ്യപത്രം സഹിതമുള്ള മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.381320/-രൂപ ലേബർചാർജ്ജിനത്തിലും 155563/- രൂപ മെറ്റീരിയൽസിന്റെ ബാലൻസ് തുക എന്നും രേഖപ്പെടുത്തിയ അബ്സ്ട്രാക്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ മേൽ അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്. വിശദമായ ചെലവ് രേഖകളുടെ അഭാവത്തിൽ 395603/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നുവിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക<br>ചെലവഴിച്ച തുക (ബിൽ നം) | നിർവ്വഹണോദ്യോഗസ്ഥൻ | വിനിയോഗം ലഭിക്കാനുള്ള തുക | തുക നൽകിയ വിവരം |
|---|---|---|---|---|
| 1 | എസ്.എസ്.എ. വിഹിതം നല്കൽ (64/17-വികസനഫണ്ട് (സാധാ)1745037/-<br>1745037/-(13/19-12-16) | സെക്രട്ടറി | 1745037/ | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കൊല്ലം. |
| 2 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-ഇലക്<br>ട്രിക് ലൈൻ എക്സ്റ്റൻഷൻ ( 276/17 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 455000/-<br>455000/-(33/31-3-17) | സെക്രട്ടറി | 455000/- | കെ.എസ്.ഇ.ബി കൊട്ടാരക്കര |
| 3 | തെരുവ് വിളക്ക് മീറ്റർ ടൈമർ സ്ഥാപിക്കൽ | സെക്രട്ടറി | 1499800/- | കെ.എസ്.ഇ.ബി കൊട്ടാരക്കര |

| | | | | |
|---|---|---|---|---|
| | (181/17 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1500000/-<br>1499800/-(27/24-3-17) | | | |
| 4 | സമ്പൂർണ്ണ വൈദ്യുതീകരണം- നഗര സഭാവിഹിതം നല്കൽ 301/17 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 100000/-(28/29-3-17) | സെക്രട്ടറി | 100000/- | കെ.എസ്.ഇ.ബി കൊട്ടാരക്കര |
| 5 | 110/17 സാനിട്ടറി നാപ്കിൻ വിതരണം &<br>നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽവികസനഫണ്ട് (സാധാ)125000/-(1 /19-12-16),17184/-(23160 /27-12-16) | ഹെഡ്മാസ്റ്റർ, ഗവ.ഹൈസ്കൂൾ | 142184/- | കേരള വനിതാ വികസന കോർപ്പറേഷൻ |
| | | ആകെ | 3942021/- | |

## 3-6 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ

1) 2016-17 വർഷം നിർവ്വഹണം നടത്തിയഎസ്.0193/17-ഭവന നിർമ്മാണം(തനതു ഫണ്ടിൽ നിന്നും 16,60,000/-രൂപ വകയിരുത്തി,ചെലവ് -12,60,000/-) എന്ന പദ്ധതിയിൽ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിൻെറ പേരും വിലാസവും | അക്കൗണ്ട് നം. | ലഭിച്ച തുക(രൂ) | കൈപ്പറ്റാൻ ബാക്കി (രൂ) |
|---|---|---|---|
| ഷെരീഫ്,<br>പണയിൽ തെക്കതിൽ,<br>മുസ്ലീം സ്ട്രീറ്റ് | 29060110029336 | 1,60,000/- | 40,000/- |
| ലീലാമ്മ ,<br>തുരുത്തി മേലതിൽ വീട്, | 4298001700970 | 1,80,000/- | 20,000/- |

| | | | |
|---|---|---|---|
| തൃക്കണ്ണമംഗൽ. | | | |
| രാധാമണി,<br>പാർവ്വതി വിലാസം,<br>കുന്നത്ത് വീട്. | 429800170099096 | 1,60,000/- | 40,000/- |
| ജോൺസൺ,<br>കാലായിക്കുന്നിൻ വിളയിൽ,<br>തൃക്കണ്ണമംഗൽ | 040900101005380 | 1,30,000/- | 70,000/- |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

2) 2016-17 വർഷം നിർവ്വഹണം നടത്തിയഎസ്.0191/17 -ഭവന പുനരുദ്ധാരണം (സ്പിൽ ഓവർ) പദ്ധതിയിൽ (വികസന ഫണ്ട്-1455/-രൂ,ബിൽ നം.3/16-17,30/3/17, തനതുഫണ്ട്-1078545/-രൂ, ചെക്ക് നം.7388632, 1298675, 1298664, 1298663, 7388634)ധനസഹായം ലഭിച്ച ഗുണഭോക്താക്കളിൽ എലിസബത്ത്,പാലമുകളിൽ പടിഞ്ഞാറ്റതിൽ, എന്ന വ്യക്തിയുടെ രേഖകൾ പരിശോധിച്ചതിൽ ഭവനത്തിൻെറ ഉടമസ്ഥാവകാശം തങ്കമ്മ പൊടിയമ്മ, പാലമുകളിൽ പടിഞ്ഞാറ്റതിൽ എന്ന വ്യക്തിയുടെ പേരിലാണ്. എന്നാൽ ഹാജരാക്കിയ രേഖകളിൽ ,റേഷൻ കാർഡ് (നം.1208101652) ഉൾപ്പെടെ ശ്രീമതി. തങ്കമ്മ പൊടിയമ്മയുടെ പേരില്ല. അതിനാൽ ഈയിനത്തിൽ നൽകിയ 15,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>പദ്ധതി നടപ്പാക്കിയില്ല-ആസൂത്രണത്തിൻെറ വീഴ്ച</u>

2016-17 വർഷം വെറ്റിനറി സർജൻ, നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച കുടുംബശ്രീ യൂണിറ്റുകൾക്ക് ആട്ടുവളർത്തൽ-എസ്.0253/17 എന്ന പദ്ധതിയിലേക്കായി രണ്ടു ഗുണഭോക്താക്കളിൽ നിന്നും ( രസീത് നമ്പർ 66/65012,66/6502) 7500/-രൂപ വീതം ഗുണഭോക്തൃവിഹിതമിനത്തിൽ സ്വീകരിച്ച് തനതുഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നിർവ്വഹണം നടത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി.നം.23) പ്രയോജനപ്രദമായ പദ്ധതി നടപ്പിലാക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണം

മതിയായ ഗുണഭോക്താക്കളെ കണ്ടെത്താനായില്ല എന്നാണ്. ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിനു മുൻപ് വേണ്ട മുന്നൊരുക്കം നടത്തിയില്ലായെന്നാണ് വ്യക്തമാകുന്നത്. കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ ആവിഷ്ക്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-8 ആധികാരികമായ രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

2016-17 വർഷം ചുവടെ പരാമർശിക്കുന്ന ചെലവുകൾക്ക് ആധികാരികമായ രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

| വൗച്ചർ നം./തുക(രൂ) | വിഷയം | ആവശ്യമായ രേഖകൾ |
|---|---|---|
| 21600170/4/16, 629/- | പുലമൺ ഷോപ്പിംഗ് കോംപ്ലക്സിലെ 10493,10494,10496,10497 എന്നീ കടമുറികളുടെ 3/16ലെ വൈദ്യുതി ചാർജ് ഒടുക്കിയത് | കടമുറികൾ ഒഴിഞ്ഞുകിടന്നതിൻെറ രേഖകൾ |
| 216001915/16, 2520/- | ഇ.എം.ഡി റീഫണ്ട്(രസീത് നമ്പർ 11501114834), ശ്രീ.ഫർണിച്ചർ | ഇ.എം.ഡി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ യാതൊന്നുമില്ല. |
| 21600223/7/16, 8000/- | മഴക്കാല രോഗപ്രതിരോധ സംയുക്ത ക്യാംപ്, ,124/6/16,25/6/16,29/6/16,2 /7/16,12/7/16 എന്നീ തീയതികളിൽ നടന്നതിന് മെഡിക്കൽ ഓഫീസർ, നെടുമൺകാവ് സി.എച്ച്.സി ക്ക നൽകിയത്. | മെഡിക്കൽ ക്യാംപ് നടത്തിയതിൻെറ വിശദാംശങ്ങൾ |

രേഖകൾ ഹാജരാക്കാത്തതിനാൽ 11149/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 രേഖകൾ ഹാജരാക്കാത്തതിനാൽ 64124/-രൂപ തടസ്സപ്പെടുത്തുന്നു

രേഖകൾ ഹാജരാക്കാത്തതിനാൽ 64124/-രൂപ തടസ്സപ്പെടുത്തുന്നു.

2016-17 വർഷം മെഡിക്കൽ ഓഫീസർ, നെടുമൺകാവ് സി.എച്ച്.സി നിർവ്വഹണം നടത്തിയ എസ്.0203/17-സാന്ത്വന പരിചരണം- എന്ന പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 603191/-രൂപ വകയിരുത്തിയതിൽ 5,48,700/-രൂപ

ചെലവായിട്ടുണ്ട്. ഓഡിറ്റിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) (ബിൽ നം.2/16-17, 1,91,100/-രൂ, 10/11/16)

( i)7/4/16 ലെ 6 ഉം 7ഉം വൗച്ചറുകൾ 22/4/2016 ൽ ഉച്ചഭക്ഷണം നൽകിയതിനാണെന്ന് എച്ച്.ഐ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 22/4/16 ൽ മറ്റൊരു വൗച്ചറും ഇതേ ആവശ്യത്തിനായി ഹാജരാക്കി തുക മാറിയിട്ടുണ്ട്.

(ii)17/4/16 ൽ ഉച്ചഭക്ഷണം നൽകിയതിന് 17,18 എന്നീ നമ്പറുകളിലെ രണ്ട് വൗച്ചറുകൾ ഹാജരാക്കി 1000/-രൂപ മാറിയിട്ടുണ്ട്.

( iii) ഹോട്ടൽ ആര്യാസിന്റെ തീയതി രേഖപ്പെടുത്താത്ത ബിൽ പ്രകാരം 1000/-രൂപ മാറിയെടുത്തിട്ടുണ്ട്.

( iv) നിഷാ ഓഫ് സെറ്റ് പ്രിന്റേഴ്സിന്റെ 1/11/2016 ലെ 103-)ം നമ്പർ ബിൽ പ്രകാരം House care report 150 Nos -Rs.1250/-, Volunteered Paricharanam-250 Nos-Rs.1250/- , എന്നിവ വാങ്ങിയതിന് ആകെ 2500/-രൂപ നൽകിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2) (ബിൽ നം. 5/16-17, 28,550/-രൂപ, 22/2/17

( i) മലങ്കര ഹോട്ടലിന്റെ തീയതി വ്യക്തമാകാത്ത ബിൽ പ്രകാരം 1000/-രൂപ മാറിയെടുത്തിട്ടുണ്ട്.

3) (ബിൽ നം.7/16-17, 55,100/-, 21/3/17

(i) 15/10/16 ൽ ഹോട്ടൽ ദുർഗ്ഗയുടെ 1000/-രൂപയുടെ ബിൽ ഹാജരാക്കി തുക മാറിയിട്ടുണ്ട്. എന്നാൽ ഈ ദിനത്തിൽ പി.എം.സി മീറ്റിംഗ് നടന്നിട്ടില്ല.(രജിസ്റ്റർ പ്രകാരം23/8/16 ൽ നടന്ന ശേഷം പിന്നെ നടന്നത് 19/12/16 ൽ മാത്രമാണ്), റിവ്യൂ മീറ്റിംഗും ഈ ദിനത്തിൽ നടന്നിട്ടില്ല.(രജിസ്റ്റർ പ്രകാരം25/8/16 ൽ നടന്ന ശേഷം പിന്നെ നടന്നത് 20/16 ൽ മാത്രമാണ്) , കൂടാതെ ഹോം കെയർ രജിസ്റ്റർ പ്രകാരം 15/10/16 ൽ ഹോം കെയർ നടന്നിട്ടില്ല.

4) ബിൽ നം.2/16-17,2,46,400/- ,10/11/16 പ്രകാരം തുക മാറി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്.സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 1,90,776/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി ലഭിക്കാനുള്ള 55,624/-രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഒഡിറ്റ് എൻക്വയറി(നം.14) നൽകിയിട്ടും ലഭ്യമാക്കിയില്ല.

അതിനാൽ മേൽ പരാമർശിച്ച തുകകൾ (ആകെ 64124രൂപ) ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

## 3-10 മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു - 307748/-രൂപ

2016-17 വർഷം മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി), മെഡിക്കൽ ഓഫീസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ മുഖേന മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക മുൻകൂറായി വിവിധ സ്ഥാപനങ്ങൾക്ക് നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. ലഭ്യമാകാത്ത മരുന്നുകളുടെ 307748 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം , പേര്, | ഒടുക്കിയ തുക, ചെക്ക് നം | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വില രൂപ |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | എസ്.0184/17 മരുന്ന് വാങ്ങൽ | 207748/-രൂപ ബിൽ നം.1/16-17, 17/3/17 കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 0 | 207748/- |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഗവ.ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ(എസ്.0101/17) | 1,00,000/-രൂപ ബിൽ നം.1/16-17,13/2/17 ഹോംകോ | 100000 | 100000 |
| | | | തടസ്സപ്പെടുത്തുന്ന തുക | 307748/ |

## 3-11 2016-17 വർഷം മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതികൾ - ലഭിച്ച മരുന്ന് അളവിൽ കുറവ്

2016-17 വർഷം മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന മരുന്നു വാങ്ങൽ പദ്ധതികളിൽ ലഭ്യമാക്കിയ മരുന്നുകളുടെ അളവുകൾ ഇൻവോയ്സ് പ്രകാരം ഓർഡർ ചെയ്ത കണക്കുകൾ പ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1) എസ്.0118/17- ഗവ.ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ.

മെയിന്റനൻസ് ഫണ്ട്(NR)- 2,00,000/-

ബിൽ നം.1/16-17, 2,00,00/-, 17.1.17

ഡി.ഡി.നം.328746,17/1/17

ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ , കേരള, (ഔഷധി)ക്ക 50 മരുന്നുകളുടെ ഇൻഡന്റ് നൽകുകയും അതിൻപ്രകാരം ലഭിച്ച പ്രൊഫോർമ ഇൻവോയ്സ് അടിസ്ഥാനമാക്കി 2,00,000/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലഭിച്ച മരുന്നുകളും ഇൻവോയ്സും തമ്മിൽ അളവിൽ വ്യത്യാസമുണ്ട്.

| മരുന്നിന്റെ പേര് | റേറ്റ് (രൂപ) | ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്യേണ്ടിയിരുന്നത് | ലഭിച്ചത് | കുറവ് | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| മുറിവെണ്ണ | 159/- | 450ml വീതം 91 എണ്ണം | 450ml വീതം 12 എണ്ണം | 450ml വീതം 79എണ്ണം | 12561/- |
| മുറിവെണ്ണ ഓയിൻറ്മെൻറ് | 19/- | 10gm വീതം 290 എണ്ണം | 10gm വീതം 102 എണ്ണം | 10gm വീതം 188 എണ്ണം | 3572/- |
| ഏലാദിചൂർണ്ണം | 188/- | 500gm വീതം 10 പാക്കറ്റ് | ഇല്ല | 500gm വീതം 10 പാക്കറ്റ് | 1880/- |
| ചന്ദ്രപ്രഭഗുളിക | 116/- | 100 എണ്ണം വീതം 20 സ്ട്രിപ്പ് | 100 എണ്ണം വീതം 12 സ്ട്രിപ്പ് | 100 എണ്ണം വീതം 8 സ്ട്രിപ്പ് | 928/- |
| യോഗരാജഗുലുഗുലു ഗുളിക | 131/- | 100 എണ്ണം വീതം 30 സ്ട്രിപ്പ് | 100 എണ്ണം വീതം 28 സ്ട്രിപ്പ് | 100 എണ്ണം വീതം 2 സ്ട്രിപ്പ് | 262/- |

| | | | | | |
|---|---|---|---|---|---|
| രസോത്തമാദി ലേപം | 193/- | 500gm വീതം 20 എണ്ണം | 500gm വീതം 14 എണ്ണം | 500gm വീതം 6എണ്ണം | 1158/- |
| ധന്വന്തരം തൈലം | 183/- | 450ml വീതം 71എണ്ണം | 450ml വീതം 24 എണ്ണം | 450ml വീതം 47 എണ്ണം | 860/- |
| ആകെ | | | | | 20361/- |

2)എസ്.0120/17-വൃദ്ധജന രോഗപ്രതിരോധപദ്ധതി-ആയുർവ്വേദം.

വികസനഫണ്ട്(ജനറൽ)-1,50,000/-രൂപ

ബിൽ നം.2/16-17/17.1.17, 1,50,000

ഡി.ഡി.നം.328745,17/1/17

നഗരസഭാ പ്രദേശത്തെ വൃദ്ധജനങ്ങൾക്കായി പ്രത്യേക ഒ.പി നടത്തി മരുന്ന വിതരണം ചെയ്യാനായി ആവിഷ്കരിച്ച പദ്ധതിയിൽ, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, കേരള, (ഔഷധി)ക്ക മരുന്നുകളുടെ ഇൻഡൻറ് നൽകുകയും അതിൻപ്രകാരം ലഭിച്ച പ്രൊഫോർമ ഇൻവോയ്സ് അടിസ്ഥാനമാക്കി 1,50,000/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലഭിച്ച മരുന്നുകളും ഇൻവോയ്സും തമ്മിൽ അളവിൽ വ്യത്യാസമുണ്ട്.

| ക്രമ നം. | മരുന്നിൻെറ പേര് | റേറ്റ് (രൂപ) | ഇൻവോയ്സ് പ്രകാരം | ലഭിച്ചത് | കുറവ് | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|
| 1. | മുറിവെണ്ണ | 72/- | 200ml വീതം 140 എണ്ണം | 450ml വീതം 132എണ്ണം | 450ml വീതം 8 എണ്ണം | 576/- |
| 2. | കർപ്പൂരാദി തൈലം | 73/- | 200ml വീതം 140എണ്ണം | 200ml വീതം 96എണ്ണം | 200ml വീതം 44 എണ്ണം | 3212/- |

| | | | | | | |
|---|---|---|---|---|---|---|
| 3. | ധന്വന്തരം തൈലം | 85/- | 200ml വീതം 140എണ്ണം | 200ml വീതം 96എണ്ണം | 200ml വീതം 44എണ്ണം | 7820-/ |
| 4. | ഇളനീർ കുഴമ്പ് | 24/- | 10gm വീതം 60എണ്ണം | 10gm വീതം 59എണ്ണം | 10gm വീതം 1എണ്ണം | 24/ |
| 5. | ദശമൂലാരിഷ്ടം | 55/- | 450ml വീതം 66എണ്ണം | 450ml വീതം 63എണ്ണം | 450ml വീതം 3എണ്ണം | 165/- |
| 6. | താലീസപത്രാദി ചൂർണ്ണം | 22/- | 50gm വീതം 190എണ്ണം | 50gm വീതം 80എണ്ണം | 50gm വീതം 110എണ്ണം | 2420/- |
| 7. | യോഗരാജഗുല്ഗുലു ഗുളിക | 131/- | 100 എണ്ണം വീതം 48 സ്ട്രിപ്പ് | 100 എണ്ണം വീതം 20 സ്ട്രിപ്പ് | 100 എണ്ണം വീതം 28സ്ട്രിപ്പ് | 3668/- |
| 8. | ബലാഗുലൂച്യാദി തൈലം | 61/- | 200ml വീതം 48എണ്ണം | 200ml വീതം 47എണ്ണം | 200ml വീതം 1എണ്ണം | 61/- |
| 9. | പിപ്പല്യാസവം | 43/- | 450ml വീതം 47എണ്ണം | 450ml വീതം 40എണ്ണം | 450ml വീതം 7എണ്ണം | 301/- |
| 10. | രാസനേരാനകാദി കഷായചൂർണ്ണം | 190/- | 1kg യുടെ 15 എണ്ണം | ഇല്ല | 1kg യുടെ 15 എണ്ണം | 2850/- |
| 11. | ദശമൂലാരിഷ്ടം | 55/- | 450ml വീതം 66എണ്ണം | 450ml വീതം 63എണ്ണം | 450ml വീതം 3എണ്ണം | 165/- |
| | ആകെ | | | | | 21262/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4) ലഭിച്ച മറുപടിയിൽ ജി.എസ്.ടി ബാധകമായതിനാലാണ് അളവിൽ വ്യത്യാസം വന്നതെന്ന്

രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ജി.എസ്.ടി നിലവിൽ വന്നതിനു ശേഷമാണ് പ്രൊഫോർമാ ഇൻവോയ്സും തുടർന്ന് ബില്ലും നൽകിയിരിക്കുന്നത്. മാത്രവുമല്ല, ജി.എസ്.ടി കൂട്ടിയാൽ തന്നെയും ക്രമ നം. 3, 6 ഇവയിൽ ചൂണ്ടിക്കാട്ടിയ തരത്തിലുള്ള അന്തരം ഉണ്ടാകാനിടയില്ല. അതിനാൽ ഈ വാദം അംഗീകരിക്കാനാവില്ല. ലഭിക്കാനുള്ള മരുന്നുകൾ സത്വരം ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. അളവിൽ കുറവുള്ള മരുന്നുകളുടെ ബിൽ തുകയായ 41623/-രൂപ (20361+21262) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 കരാർ തുകയെ അധികരിച്ച് ചെലവ് ചെയ്തു-14356/-രൂപ നിരാകരിക്കുന്നു

മുനിസിപ്പൽ ബസ്സ്റ്റാൻഡ് -യാർഡ് കോൺക്രീറ്റിംഗ്,248/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ലോകബാങ്ക് ധനസഹായം-912389/-

എം.ബുക്ക്-49/16-17

എഗ്രിമെന്റ് തുക-830210/-

പ്രവൃത്തി മൂല്യം-844566/-(ബിൽ നം-47/31-3-17)

എഗ്രിമെന്റ് നം-64/29-3-17

പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.അജീഷ്.എ.നായരുടെ ടെണ്ടർ അംഗീകരിച്ച് (830210/-) വർക്ക് ഓർഡർ നൽകി. കരാർതുക 830210/-രൂപയാണ്. എന്നാൽ പ്രവൃത്തിമൂല്യം 844566/-രൂപയായി കണക്കാക്കി ചെലവ് ചെയ്തുകാണുന്നു. പ്രവൃത്തിമൂല്യം കരാർതുകയിൽ പരിമിതപ്പെടുത്താതെ നൽകുകവഴി 14356/-രൂപയുടെ അധികചെലവുണ്ടായി. വിശദീകരണം നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അധികം ചെലവുചെയ്ത തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 ആഴയഴികത്ത് റോഡ് റീടാറിംഗ്-ടെണ്ടർ ഡിഡക്ഷൻ കുറവുവരുത്താതെ കരാറുകാരന് തുക നൽകി

എം.ബുക്ക്-6/16-17

പ്രോജക്ട്-81/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ശ്രീ.മോഹനൻനായരുടെ 4.1%കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വച്ചു. (നം-34/2016-17/23-1-2017) പ്രവൃത്തി നിർവ്വഹണത്തിനായി 116341രൂപ ബിറ്റുമിന്റെ വില പിൻവലിച്ചിരുന്നു. (Bill No-9/8-3-17) പ്രവൃത്തിമൂല്യം 349928രൂപയിൽ ബിറ്റുമിന്റെ വില 116341രൂപ കഴികെ 233587/-രൂപയിൽ ടെണ്ടർ ഡിഡക്ഷൻ 14347രൂപ ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തശേഷം മാത്രം തുക ചെലവുചെയ്യണമെന്നിരിക്കെ ടെണ്ടർ ഡിഡക്ഷൻ പൂർണ്ണമായി വരുത്താതെ 2017-18 വർഷം ഫൈനൽ ബിൽ പ്രകാരം തുക ചെലവുചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20/22.9.17) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 <u>ഫയർ സ്റ്റേഷൻ റോഡ്-കൾവർട്ട് നിർമ്മാണം,റോഡ്സിമന്റ് കോൺക്രീറ്റിംഗ്-അധിക നിരക്ക് നൽകി</u>

തനത്ഫണ്ട്- 495000/-

ചെലവ് തുക -458696/-രൂപ (ചെക്ക് നം-622781/2-5-16 )

കൺവീനർ-ശ്രീമതി.ഉഷ

ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 സിമന്റ് കോൺക്രീറ്റിന് ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തുമ്പോൾ അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |

| | | | | | |
|---|---|---|---|---|---|
| 0295 | Stone Aggregate (Single Size):20mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single Size):10mm nominal size | cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone Aggregate below 40mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand (Zone III) | cum | 0.445 | 1200 | 534.00 |
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300 | 2016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |
| 0155 | Mason (average) | day | 0.100 | 417 | 41.70 |
| 0114 | Beldar | day | 1.630 | 329 | 536.27 |
| 0101 | Bhisti | day | 0.700 | 363 | 254.10 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800 | 56.00 |
| 0012 | Vibrator (Needle type 40mm) | day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4706.23 |
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4753.29 |

മേൽ സൂചിപ്പിച്ച അടിസ്ഥാന നിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡെക്സ് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്. ഇതനുസരിച്ച് ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.1.2015 - ൽ അനുവദനീയമായ നിരക്ക്

= 4753.29X1.4190 = 6744.91/cum.

എന്നാൽ മേൽ പ്രവൃത്തിയുടെ 13-ാം ഇനം 1:2:4 അനുപാദത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ആയിരുന്നു. ഈ ഇനത്തിനായി 11.22$m^3$ അളവ് ചെയ്തതിന് 6993.79രൂപ നിരക്കിൽ 78470.32രൂപ ചെലവായി. മേൽ ഇനത്തിന് അനുവദനീയമായ നിരക്ക് 6744.91രൂപ മാത്രമാണ്. ഈ ഇനത്തിൽ 2787.45രൂപ അധികച്ചെലവുണ്ടായി. മേൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവ് വൗച്ചറുകൾ ഹാജരാക്കുകയോ ഗുണഭോക്തൃസമിതി വരവ്-ചെലവുകൾ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ആകയാൽ ആകെ ചെലവ് 458696/- തുകയിൽ 2787രൂപ നിരാകരിക്കുകയും 455909/-രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-15 ടെണ്ടർ കുറവ് വരുത്തിയതിലെ പിശക്- അധികം തുക ചെലവുചെയ്തു

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയതിലെ വീഴ്ചമൂലം അധിക തുക ചെലവ് ചെയ്യേണ്ട സാഹചര്യമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് , പ്രോജക്ട് നം | കരാറുകാരൻ , ടെണ്ടർകുറവ് | ആകെ പ്രവൃത്തിമൂല്യം | ടെണ്ടർ കുറവ് വരുത്തിയ തുക | ടെണ്ടർ കുറവ് വരുത്തേണ്ട തുക | അധികം ചെലവു ചെയ്ത തുക |
|---|---|---|---|---|---|
| ഗാന്ധിമുക്ക് -ലക്ഷംവീട് റോഡ്, 114/17 | ശ്രീ.മുരുകൻ, 20.19% | 172556/- (Bill.No-34/31.3.17) | 34511/- (20%) | 34839/- | 328/- |
| കൊണ്ടോട്ടിമൂല-എസ്.സി.കോളനി റോഡ്, 109/17 | ശ്രീ.അജീഷ് എസ്.നായർ, 14.8% | 257678/- (Bill No-50/31.3.17) | 36333/- (14.1%) | 38136/- | 1803/- |
| | | | ആകെ | | 2131/- |

അധികം ചെലവുചെയ്ത തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-16 ഉഗ്രൻകുന്ന് കുഴൽകിണർ നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

മേൽ പ്രോജക്ടിൽപ്പെടുത്തി കുഴൽകിണർ നിർമ്മാണത്തിനായി 2015-16 വർഷം 51700/-രൂപയും (D.D622670-/13.4.16) വിതരണത്തിനായി പമ്പ്സെറ്റ് ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾക്കായി 2016-17 വർഷം 123689/-രൂപയും

(83517/14-6-17) ചെലവ് ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ള വിതരണം ആരംഭിച്ചതായി കാണുന്നില്ല. പ്രവൃത്തിയുടെ പുരോഗതിവിവരം അറിയിക്കേണ്ടതാണ്. 123689/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച-ഫൈൻ ഇനത്തിൽ നഷ്ടം-62393/-

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ 2014-15 വർഷം ആരംഭിച്ചത് 2016-17വർഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ നിർവ്വഹണ വേളയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് നേരിട്ടതായി കരാറുകാരൻ റിപ്പോർട്ട് ചെയ്യുകയോ ആയത് പഞ്ചായത്ത് കമ്മറ്റി ബോദ്ധ്യപ്പെട്ട് തീരുമാനം കൈക്കൊണ്ടിട്ടുള്ളതായോ കാണുന്നില്ല. വ്യക്തമായ കാരണം കൂടാതെ പ്രവൃത്തി ദീർഘിപ്പിച്ചതിന് ആദ്യ മൂന്നുമാസക്കാലത്തേക്ക് കരാർതുകയുടെ 1% ശതമാനം നിരക്കിലും പിന്നീടുള്ള മൂന്നു മാസത്തേക്ക് കരാർതുകയുടെ 2% വീതവും ഫൈൻ ഈടാക്കികാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം, കരാറുകാരൻ, എഗ്രിമെന്റ് നം,തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതീയതി | ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| ആയലൂർ റോഡ് സംരക്ഷണഭിത്തിയും ഫില്ലിംഗും,3/16-17;Ag.No.76 /16-17/19.2.2015,Agreed PAC-547308/- | 20-2-2015 | 27.10.2016 | 31.3.2015 | 62393 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/15-9-17)ലഭ്യമാക്കിയ മറുപടിയിൽ 2016-17 വർഷം പ്രവൃത്തി ആരംഭിച്ച വേളയിൽ പ്രദേശവാസികൾ കേസ് ഫയൽ ചെയ്തതിനാലാണ് കാലതാമസമുണ്ടായതെന്ന മറുപടി ലഭ്യമാക്കി. എന്നാൽ 19-2-15 ൽ കരാർ ചമച്ച പ്രവൃത്തി 2014-15, 2015-16 വർഷം ആരംഭിക്കാത്തതിന് വ്യക്തമായ കാരണമുണ്ടായതായി കാണുന്നില്ല. ആയതിനാൽ ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3-18** ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പദ്ധതികൾ- രേഖകൾ പൂർണ്ണമല്ല-**838600/-**രൂപ തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതിമുഖേന നിർവ്വഹണം നടത്തിയതിന്റെ ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃസമിതികൾ പ്രവൃത്തി ആരംഭിച്ച വേളയിൽ യോഗം ചേർന്നതല്ലാതെ പ്രവൃത്തി പൂർത്തീകരണത്തിനുശേഷം ചെലവ് അംഗീകരിച്ച കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തിമൂല്യം | റിമാർക്ക്സ് | ചെലവ് രേഖകളില്ലാത്തതിനാൽ തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|
| കളീക്കൽ-പട്ടരിക്കോണം റോഡ്,40/16-17;കൺവീനർ- | 48943/-(Bill.no-51/31.3.17) | 44255.48രൂപയുടെ വൌച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. (എം.സാന്റ്-11250/- 40mmമെറ്റൽ-7493/- 20mmഎം.എം.മെറ്റൽ-4413/- സിമന്റ്-21099.48/-). ഗുണഭോക്തൃസമിതി കണക്കുകൾ അംഗീകരിച്ചിട്ടില്ല | 4688/- |
| E.T.C-തൈപ്പണ റോഡ് സൈഡ്കെട്ട്,294/16-17 കൺവീനർ-ശ്രീ.രാജീവ് ചാക്കോ | 199239/-(32 /31.3.17) | ചെലവ് വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി കണക്കുകൾ അംഗീകരിച്ചിട്ടില്ല | 199239/- |
| അമൃത ഹോസ്പിറ്റൽ- | 142623/-Ch.no- | സിമന്റ് | 80543/- |

| | | | |
|---|---|---|---|
| അംഗൻവാടി റോഡ്,215/16-17 | 622718/29-4-16) | വാങ്ങിയ 62080/-രൂപയുടെ വൌച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഗുണഭോക്തൃസമിതി കണക്കുകൾ അംഗീകരിച്ചിട്ടില്ല | |
| കാടംകുളം-കോമളത്ത് റോഡ് കോൺക്രീറ്റിംഗ് /16-17 കൺവീനർ-ശ്രീ.എബി എബ്രഹാം | 282025/-(ch.no-4553730 /6.4.2016) | സിമന്റ് വാങ്ങിയ77760/-രൂപയുടെ വൗച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഗുണഭോക്തൃസമിതി കണക്കുകൾ അംഗീകരിച്ചിട്ടില്ല. | 204265/- |
| E.T.C-ഉഴലോഡ് കോളനി റോഡ് ,114/16-17 കൺവീനർ-ശ്രീ.രാജീവ് ചാക്കോ | 349865/-(31 /31.3.17) | ചെലവ് വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി കണക്കുകൾ അംഗീകരിച്ചിട്ടില്ല | 349865/- |
| ആകെ | | | 838600/- |

ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ്തുക തടസ്സപ്പെടുത്തുന്നു.

## 3-19 ബ്രിഡ്ജ് അക്കൗണ്ടിൽ തുക ശേഷിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി സർക്കാർ നിർദ്ദേശ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ നിലവിൽ പ്രവർത്തനരഹിതമാണ്. എന്നിരുന്നാലും വൻതുക ഈ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | അക്കൗണ്ട് നമ്പർ | 31.3.2017-ലെ നീക്കിയിരിപ്പ് തുക |
|---|---|---|

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം. | 52800201000l516 | 2329/- |
| എ.സി.ഡി.എസ്. സൂപ്പർവൈസർ | 528002010001512 | 7668/- |
| കൃഷി ഓഫീസർ | 29060110006726 | 158/-(11.9.17 ൽ 1605/-രൂ) |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 528002010001513 | 225/- |
| മെഡിക്കൽ ഓഫീസർ, നെട്ടുമൺകാവ് | 67310517190 | 450/- |
| വി.ഇ.ഒ | 528002010001510 | 3,77,331/- |
| വെറ്റിനറി സർജൻ | 528002010001515 | 6571/- |
| മെഡിക്കൽ ഓഫീസർ | 67310517192 | 7119/- |
| എ.ഇ | 67110564828 | 900499/-(1.8.17) |

ഇടപാടുകൾ ഇല്ലാതെ പ്രവർത്തനരഹിതമായി നിൽക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 സെക്രട്ടറിക്ക് വീട്ടു വാടക അനുവദിക്കുന്നത് സംബന്ധിച്ച്

കൊട്ടാരക്കര മുൻസിപ്പാലിറ്റി സെക്രട്ടറി ആയ ശ്രീ. സുനിൽകുമാറിന് വീട്ടു വാടകയായി മാസം 3,000/-രൂപ വീതം അനുവദിച്ചിരിക്കുന്നു. മാസം 4,500/- രൂപ വാടകയുള്ള വീടിന് അദ്ദേഹത്തിന്റെ എച്ച്.ആർ.എ. ആയി ലഭിച്ച 1,500/- രൂപ കഴിച്ച് ബാക്കി തുക തനതുഫണ്ടിൽ നിന്ന് നൽകിയിരിക്കുന്നു. (പ്രതിമാസം 3000/-രൂപ) പ്രസ്തുത കെട്ടിടത്തിന്റെ വാടക 4500/- രൂപാ ആയി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവും ഈ രീതിയിൽ വാടക നൽകുന്നതിനുള്ള ഗവൺമെന്റ് ഉത്തരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/23-9-2017) മറുപടി ലഭ്യമാക്കിയില്ല. പ്രതിമാസ എച്ച്.ആർ.എ.

സ്ഥാപനത്തിൽ ഒടുക്ക വരുത്തുകയും അടിസ്ഥാനശമ്പളത്തിന്റെ 2% തിരികെ ഒടുക്കുകയും ആയതിനനുസരിച്ച് വീട്ടുവാടക തനതുഫണ്ടിൽ നിന്ന് നൽകുകയും ആണ് ചെയ്യേണ്ടത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മീറ്റർ സ്ഥാപിക്കൽ | 27/ 29-3-2017 | 1499800/- | - | 1499800/- |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീ കരണം | 28/ 29-3-2017 | 1,00,000/- | - | 1,00,000/- |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് ആന്റ് ലൈൻ എക്സ്റ്റൻഷൻ | 33/ 31-3-2017 | 4,55,000/- | - | 4,55,000/- |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ഉഗ്രൻകുന്ന് കുഴൽ നിർമ്മാണം | | 123689 | - | 123689 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13<br>2013-14 | 3-1<br>3-2<br>3-3 | 2014-15 | അദ്ധ്യായം 6.4 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികളിലെ ക്രമക്കേട് | സർചാർജ്ജ് നോട്ടീസ് വി ഇ ഒ യ്ക്ക് നല്കിയിട്ടുള്ളതാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89703498 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77856431 |
| വരവിനങ്ങളിലുള്ള നഷ്ടം | 120291/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 128917 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6320466 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-2 | 120291/- | | ശ്രീ.ഗോപാലകൃഷ്ണപിള്ള,<br>സെക്രട്ടറി |
| 3-3 | | 47250/- | ശ്രീ.പൗലോസ്,<br>ഹെൽത്ത് ഇൻസ്പെക്ടർ |
| 3-12 | | 14356 | ശ്രീ.വിജയൻപിള്ള,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | | 2787 | ശ്രീ.വിജയൻപിള്ള,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 2131 | ശ്രീ.വിജയൻപിള്ള,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | | 62393 | ശ്രീ.വിജയൻപിള്ള,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 125000 | ശ്രീ.പൗലോസ് ,<br>ഹെൽത്ത് ഇൻസ്പെക്ടർ |
| 3-4 | 395603 | ശ്രീ.ഗോപാലകൃഷ്ണ പിള്ള,<br>സെക്രട്ടറി |
| 3-5 | 3942021 | ശ്രീ.പി.വി.സനൽകുമാർ,<br>സെക്രട്ടറി |
| 3-6 | 15000 | ശ്രീമതി.അനിതകുമാരി,<br>വി.ഇ.ഒ |
| 3-8 | 11149 | ശ്രീ.ഗോപാലകൃഷ്ണ പിള്ള,<br>സെക്രട്ടറി |
| 3-9 | 64124 | ഡോ.ജ്യോതിലാൽ, |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി.നെടുമൺകാവ് |
| 3-10 | 307748 | ഡോ.ബിജു.ബി.എൻ,<br>മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി--207748/- |
| | | ഡോ.ബ്രിജീല,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ-100000/- |
| 3-11 | 41623 | ഡോ.അബ്ദുൾ ഫത്താഫ്,<br>മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3-14 | 455909 | ശ്രീ.വിജയൻപിള്ള,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | 123689 | ശ്രീ.വിജയൻപിള്ള,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-18 | 838600 | ശ്രീ.വിജയൻപിള്ള,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| വിജയൻപിള്ള, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊട്ടാരക്കര മുൻസിപ്പാലിറ്റി | പനവിളവീട്, മുഖത്തല പി.ഒ, കൊല്ലം |
| ശ്രീ.പൗലോസ് , ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ, .കൊട്ടാരക്കര മുൻസിപ്പാലിറ്റി | പാലത്തിരപ്പുഴ, കൊച്ചിൻ യൂണിവേഴ്സിറ്റി.പി.ഒ എറണാകുളം-682022 |
| ശ്രീ.ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി | വിരമിച്ചു | ഗോകുലം, പ്രണവം ആശുപത്രിക്കു സമീപം, കൊട്ടാരക്കര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95 | എൽ. എഫ്.ക്യൂ.പി.3/654/2001 /19.09.2011 |
| 1995-96 | എൽ. എഫ്.ക്യൂ.പി.3/657/2001 /19.09.2011 |
| 1997-98 | എൽ. എഫ്.ക്യൂ.പി.3/581/2000 |
| 1998-99 | എൽ. എഫ്.ക്യൂ.പി.3/1858/2001 |
| 1999-00 | എൽ. എഫ്.ക്യൂ.പി.3/1108/2000 |
| 2000-01 | എൽ. എഫ്.ക്യൂ.പി.3/663/2003 |
| 2001-02 | എൽ. എഫ്.ക്യൂ.പി.3/705/2005 |
| 2002-03 | എൽ. എഫ്.ക്യൂ.പി.3/706/2005 |
| 2003-04 | എൽ. എഫ്.ക്യൂ.പി.പി.3/308/2006 |

| | |
|---|---|
| 2004-05 | എൽ. എഫ്.ക്യൂ.പി.3/368/2006 |
| 2006-07 | എൽ. എഫ്.ക്യൂ.പി.7/1188/14(1) dt.11/06/2014 |
| 2007-08 | എൽ. എഫ്.ക്യൂ.പി.3/65/2008 |
| 2008-09 | എൽ. എഫ്.ക്യൂ.പി.3/1194(16/14/12/06/2014 |
| 2009-10 | എൽ. എഫ്.ക്യൂ.പി.പി.3/2447/2013 |
| 2010-11 & 2011-12 | എൽ. എഫ്.ക്യൂ.പി.പി.3/1841/12/15/01/2013 |
| 2012-13 & 2013-14 | എൽ. എഫ്.ക്യൂ.പി.പി.3/1972/14/04/12/2014 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം. പി.3/1803/15/13/11/2015 |
| 2015-16 | കെ.എസ്.എ. കെ.എൽ .എം.എൽ-31/17-08.02.17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## 4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം.എം.എൽ-1811/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -31/10/2017

## സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുൻസിപ്പാലിറ്റിയുടെ 2016-17 വർഷത്തെ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ കണക്കിലെടുത്ത് എന്റെ അഭിപ്രായത്തിൽ കൊട്ടാരക്കര മുൻസിപ്പാലിറ്റിയുടെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്ചെലവ് കണക്കുകളെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായം അറിയിക്കുവാൻ കഴിയില്ല എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.